2019
മാർച്ച്
വാല്യം 12 | ലക്കം 03
Annual Subscription ₹ 60.00

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN



## പരിശുദ്ധമായ
## തപസ്സുകാലം 2019

# ബഹു.പീറ്റർ നെൽസൺ അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷം




ബഹു. പീറ്റർ നെൽസൺ അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷവേളയിൽ അഭിവന്ദ്യരായ സെബാസ്റ്റ്യൻ തെക്കതേച്ചേരിൽ പിതാവും പോൾ ആന്റണി മുല്ലശ്ശേരി പിതാവും



വിജയപുരം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ അംബ്രോസ് അബസോള പിതാവിൽ നിന്നും റവ.ഫാ. പീറ്റർ നെൽസൺ പൗരോഹിത്യം സ്വീകരിക്കുന്നു. ഇപ്പോൾ ദൈവദാസനായി പ്രഖ്യാപിക്കപ്പെട്ട കൊല്ലം ബിഷപ്പ് അഭിവന്ദ്യ ജെറോം ഫെർണാണ്ടസ് പിതാവ് സമീപം. (19-12-1968)

---

*വിജയപുരദൂതിന് സംഭാവന നൽകിയ ബഹു. പീറ്റർ നെൽസൺ അച്ചന് കൃതജ്ഞതയർപ്പിക്കുന്നു*

*(വിജയപുരദൂത് ടീം)*

MARCH 2019
Vol.12 • No.3
REGISTERED NEWSPAPER
Reg.No. KERMAL/2008/24745

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editors*
**Fr. Xavier Cherunellady**
**Adv. Henry John**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Sri. Albert John**

*Circulation Manager*
**Fr. Xavier Cherunellady**
Mob: 9946511172
Ph: 0481-2456055



## താളുകൾ മറിക്കുമ്പോൾ...

4 എഡിറ്റോറിയൽ:
തപസ്സുകാലത്തിലൂടെ വിശുദ്ധീകരിക്കപ്പെടാം

5 രൂപതാ കാര്യാലയത്തിൽ നിന്ന്

7 തപസ്സുകാല വിചിന്തനങ്ങൾ (സർക്കുലർ)

12 ഇരുപത്തിയേഴാം ആഗോള രോഗീദിനം – 2019
(പരി. പിതാവിന്റെ സന്ദേശം)

16 ധാർമ്മികതയും മനഃസാക്ഷിയും പുലർത്തണം

18 വിജയപുരം വൈദിക സമ്മേളനം പ്രണാമമർപ്പിച്ചു

21 കുരിശ്ശില്ലാതെ കിരീടമില്ല

24 ഇടവക വാർത്തകൾ

29 സംഘടനാ വാർത്തകൾ

31 വി.എസ്.എസ്.എസ്. വാർത്തകൾ

34 അഭിവന്ദ്യ പിതാവിന്റെ മാർച്ച് മാസ പരിപാടികൾ

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.

*vijayapuradhuthu@gmail.com*

EDITORIAL

# തപസ്സുകാലത്തിലൂടെ വിശുദ്ധീകരിക്കപ്പെടാം



**2019** മാർച്ച് മാസം 6-ാം തീയതി ക്ഷാരബുധനാഴ്ച ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ നാം തപസുകാലത്തിലേക്കു കടന്നുവരികയാണ്. 40 ദിവസങ്ങൾ നീണ്ടു നിൽക്കുന്ന വിടുതലിന്റെയും വിമോചനത്തിന്റെയും വിശുദ്ധീകരണത്തിന്റെയും അനുരഞ്ജനത്തിന്റെയും പ്രത്യേക കാലഘട്ടമാണ് തപസ്സു കാലം.

നോഹയുടെ കാലത്ത് 40 ദിനരാത്രങ്ങളിലെ ജലപ്രളയത്തിലൂടെ പാപം നിറഞ്ഞ ലോകം ശുദ്ധീകരിക്കപ്പെട്ടു. പുതിയ ലോകം പ്രത്യക്ഷമായി. പുറപ്പാടനുഭവത്തിൽ 40 വർഷത്തെ മരുഭൂമി വാസത്തിലൂടെ ഇസ്രായേൽ ജനം ശുദ്ധീകരിക്കപ്പെട്ട് വാഗ്ദത്ത ഭൂമിയിൽ പ്രവേശിച്ചു. യോനയുടെ കാലത്ത് നിനിവേ നിവാസികളും 40 ദിവസത്തെ ഉപവാസത്തിലൂടെ ശിക്ഷയുടെ നാശത്തിൽ നിന്നു രക്ഷയുടെ അനുഭവത്തിലേക്കു കടന്നുവന്നു. ലോകവും സമൂഹവും മാത്രമല്ല വ്യക്തികളും 40 ദിവസത്തെ ഉപവാസത്തിലൂടെ ദൈവകൃപയിലേക്കു കടന്നുവന്നു. മോശ 40 വർഷത്തെ മരുഭൂമി വാസത്തിലൂടെ എരിയുന്ന മുൾപ്പടർപ്പിൽ വിമോചകനായ ദൈവത്തെ കണ്ടുമുട്ടി. മോശ 40 ദിവസം സീനായ് മലയിൽ ദൈവസന്നിധിയിൽ വസിച്ചു. ദൈവമഹത്വവും ദൈവവചനവും (നിയമങ്ങൾ) സ്വായത്തമാക്കി. ദാവീദു രാജാവ് 40 വർഷത്തെ ഭരണത്തിലൂടെ ഇസ്രായേലിലെ ഗോത്രങ്ങളെയെല്ലാം ഒരുമിച്ചുകൂട്ടി ഇസ്രായേൽ സാമ്രാജ്യം സ്ഥാപിച്ചു. ഏലിയാ പ്രവാചകൻ 40 ദിവസത്തെ ഉപവാസ യാത്രയിലൂടെ ഹോറെബ് മലയിലെത്തി ദൈവാനുഭവത്തിലേക്ക് കടന്നുവന്നു.

പരസ്യജീവിതത്തിനു മുമ്പ് യേശു പരിശുദ്ധാത്മാവാൽ മരുഭൂമിയിലേക്ക് നയിക്കപ്പെട്ടത് 40 ദിവസത്തെ ഉപവാസത്തിലൂടെ തിന്മയുടെ പരീക്ഷകളെ ജയിച്ച് ദൈവശക്തിയുടെ നിറവിൽ ദൈവരാജ്യപ്രവർത്തനം പരസ്യമായി ആരംഭിക്കുന്നതിനാണ്. മരണം കഴിഞ്ഞ് 40 മണിക്കൂർ കല്ലറയിൽ കഴിഞ്ഞത്, മൃതരെ ഉത്ഥാനത്തിനൊരുക്കാനാണ്. ഉത്ഥാനം കഴിഞ്ഞ് യേശു 40 ദിവസം ഭൂമിയിൽ തങ്ങിയത് ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ടുകൊണ്ട് അവരെ കുറ്റബോധത്തിൽ നിന്നും, പിണക്കങ്ങളിൽ നിന്നും പിടിച്ചുവയ്ക്കലിൽ നിന്നും ദുഃഖത്തിൽ നിന്നും ഭയത്തിൽ നിന്നും മോചിപ്പിച്ച് പെന്തക്കോസ്ത അനുഭവത്തിലൂടെ പ്രേഷിതപ്രവർത്തനത്തിന് ഒരുക്കാനാണ്.

ഉപവാസത്തിന്റെ 40 ദിനങ്ങളെ വിശുദ്ധവാരവുമായി ബന്ധപ്പെടുത്തി പല രീതിയിലാണ് കണക്കാക്കുന്നത്. ഒശാന ഞായറുമായി, പെസഹാത്രിദിനത്തിന്റെ ആരംഭമായ പെസഹാ വ്യാഴവുമായി, ദുഃഖവെള്ളിയുമായി, കർത്താവിന്റെ ഉത്ഥാനത്തിന്റെ പെസഹാ ഞായറുമായി എല്ലാം ബന്ധപ്പെടുത്തി കണക്കു കൂട്ടലുകളുണ്ട്.

**1. ഓശാന ഞായറിലേക്ക് നയിക്കുന്ന തപസ്സുകാലം** : പീഡാനുഭവ ഞായറായ ഓശാനാ ഞായറാഴ്ചയിൽ തുടങ്ങി ഈസ്റ്റർ ഞായറിൽ പൂർണ്ണ

*ശേഷം പേജ് 6-ൽ*

# രൂപതാ കാര്യാലയത്തിൽ നിന്ന്

## വലിയ നോമ്പ്

നോമ്പുകാലത്തിലെ രണ്ടു ഞായറാഴ്ചകളിലെ സ്തോത്രക്കാഴ്ച വിശപ്പിനും രോഗത്തിനുമെതിരെയുള്ള കാരിത്താസ് ഇന്ത്യയുടെ പ്രവർത്തനങ്ങൾക്കായി വി.എസ്.എസ്.എസിൽ ഏൽപ്പിക്കേണ്ടതാണ്.

## 10–ാം പാസ്റ്ററൽ കൗൺസിൽ ഭാരവാഹികൾ

സെക്രട്ടറി : വെരി റവ. മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ
ജോ. സെക്രട്ടറി : ശ്രീമതി മേരി മാത്യു

**എക്സിക്യൂട്ടീവ് കമ്മറ്റിയംഗങ്ങൾ**
ബിഷപ്പ് (പ്രസിഡന്റ്), വികാരി ജനറാൾ (വൈസ്പ്രസിഡന്റ്), മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ (സെക്രട്ടറി), ശ്രീമതി മേരി മാത്യു (ജോ. സെക്രട്ടറി), ഫാ. ജോസഫ് ചെറുകാക്രാംചേരിൽ (ട്രഷറാർ), ശ്രീ. ഷിബു ജോസഫ്, ശ്രീമതി ത്രേസ്യാമ്മ മത്തായി, റവ.സി. ജെനിൻ സി.എസ്.എസ്.റ്റി, ഫാ. തോമസ് കുന്നപ്പള്ളി ഒ.എസ്.ജെ., ഫാ. ജോസ് കാടൻതുരുത്തേൽ.

**സ്റ്റിയറിംഗ് കമ്മറ്റിയംഗങ്ങൾ**
ഫാ. ജോസഫ് ചെറുകാക്രാംചേരിൽ, ഫാ. തോമസ് കുന്നപ്പള്ളി ഒ.എസ്. ജെ., ശ്രീമതി മേരി മാത്യു.

### കെ.ആർ.എൽ.സി.സി. അംഗങ്ങൾ

റവ.ഫാ. ജോസഫ് നെൽസൺ അവരവിള,, റവ.ഫാ. ജോസ് മാനുവേൽ കൈതക്കുഴി, ശ്രീ. ജോൺസൺ പി. ആന്റണി, ശ്രീ. അർപ്പുതരാജ്, ശ്രീമതി മേരി മാത്യു, ശ്രീമതി എൽസി ക്രിസ്റ്റഫർ, ശ്രീമതി സ്മിതാ ബിജോയ് (അഭിവന്ദ്യ പിതാവിന്റെ നോമിനി), പ്രൊഫ. ചന്ദ്രൻ (മെത്രാൻ സമിതി നോമിനി).

### കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ പ്രതിനിധികൾ

ശ്രീ. മൈക്കിൾ ഡിക്രൂസ്, ശ്രീമതി മേരി മാത്യു

### കേരള കാത്തലിക് കൗൺസിൽ പ്രതിനിധികൾ

മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ, റവ.സി. ജെനിൻ സി.എസ്.എസ്.റ്റി., പ്രൊഫ. ചന്ദ്രൻ, വിജി വർഗ്ഗീസ്.

മാകുന്നതാണ് നമ്മുടെ ആരാധനാവത്സരത്തിന്റെ കേന്ദ്രമായ വിശുദ്ധവാരം. നമ്മുടെ രക്ഷക്കടിസ്ഥാനമായ യേശുവിന്റെ പീഡാസഹനവും മരണവും ഉയിർപ്പും ആ അനുഭവത്തിലേക്ക് നമ്മെ നയിക്കാൻ അവതരിപ്പിക്കപ്പെട്ട പുതിയ കല്പനയും ദിവ്യബലിയുടെ സ്ഥാപിക്കലുമാണ് വിശുദ്ധവാരത്തിൽ നാം ആഘോഷിക്കുന്നത്. അതിനൊരുക്കമായാണ് 40 ദിവസത്തെ ഉപവാസം. വിഭൂതി ബുധന്റെ 40 -ാം ദിനമാണ് വിശുദ്ധവാരത്തിന്റെ തുടക്കമായ പീഡാനുഭവ (ഓശാന) ഞായർ. ആ കണക്കുകൂട്ടൽ ശ്രദ്ധയിൽ വരുത്താനാണ് കഴിഞ്ഞവർഷത്തെ ഓശാനയിലെ കുരുത്തോല കത്തിച്ച് ഈ വർഷം വിഭൂതി ബുധനിൽ നെറ്റിയിൽ പൂശാനുള്ള ക്ഷാരം ഉണ്ടാക്കുന്നത്. തുടർന്നുള്ള ഒരു വർഷത്തെ ഈ ലോകജീവിതത്തിലൂടെ പൂഴിയായിത്തീർന്ന നമ്മൾ 40 ദിനങ്ങളിലെ ഉപവാസത്തിലൂടെ വീണ്ടും കർത്താവിനെ എതിരേൽക്കാൻ കുരുത്തോല കൈയിലേന്തുന്നവരാകണം എന്നതാണ് ആഹ്വാനം.

**2. പെസഹാ വ്യാഴാഴ്ചയ്ക്ക് ഒരുക്കമായി തപസ്സുകാലം** : ചില കണക്കുകൂട്ടലനുസരിച്ച് തപസ്സുകാലം പൂർണ്ണമാകുന്നത് പെസഹാ ത്രിദിനത്തിന് ആരംഭമായ കർത്താവിന്റെ അത്താഴത്തിന്റെ വ്യാഴാഴ്ചയിലാണ്. വിഭൂതി ബുധനിൽ എന്നതിനുപകരം പെസഹാക്കാലത്തിലെ ഒന്നാം ഞായറിൽ നിന്ന് കണക്കൂട്ടിയാൽ 40-ാം ദിനം പെസഹാ വ്യാഴാഴ്ചയാണ്.

**3. കർത്താവിന്റെ പീഡാസഹനത്തിന്റെ വെള്ളിയാഴ്ച (ദുഃഖവെള്ളി) ക്കൊരുക്കമായ തപസുകാലം**: തപസ്സുകാലത്തിൽ രണ്ടു ദിനങ്ങളിലാണ് പൂർണ്ണ ഉപവാസം (മാംസം വർജ്ജിക്കലും, ഒരു നേരം നോക്കലും) സഭ നിഷ്ക്കർഷിക്കുക, വിഭൂതി ബുധനിലും ദുഃഖവെള്ളിയിലും: ഒരിടത്ത് തുടങ്ങുന്നു. മറ്റിടത്ത് ഉപവാസം പൂർത്തീകരിക്കപ്പെടുന്നു. ക്ഷാരബുധനാഴ്ച നെറ്റിയിൽ ചാരം പൂശി നമ്മുടെ മരണത്തെ, അതിനുകാരണമായ നമ്മുടെ പാപത്തെ ഓർത്ത് നാം പശ്ചാത്തപിക്കുന്നു. ദുഃഖവെള്ളിയിലോ നമ്മുടെ പാപത്തിനും, സഹനത്തിനും, മരണത്തിനും പരിഹാരമായ യേശുവിന്റെ മരണത്തെ ഓർക്കുന്നു, ആചരിക്കുന്നു, യേശുവിന്റെ മരണം സാധിച്ചുതന്ന രക്ഷ സ്വായത്തമാക്കി നമ്മുടെ മരണത്തെ നാം അതിജീവിക്കണം. അതിനു നൽകപ്പെട്ടതാണ് തപസ്സുകാലം.

**4.കർത്താവിന്റെ ഉത്ഥാനത്തിന്റെ പെസഹാ ഞായറിന് ഒരുക്കമായ തപസ്സുകാലം:** വേറൊരു കണക്കുകൂട്ടൽ അനുസരിച്ച് വലിയ ശനിയാഴ്ച രാത്രി ഉത്ഥാനാഘോഷത്തിൽ (നോയമ്പ് വീടൽ) പൂർത്തീകരിക്കപ്പെടുന്നു തപസ്സുകാലം. യേശുവിന്റെ ഉത്ഥാനത്തിന്റെ ദിനമാണ് ഞായർ, തപസ്സുകാലത്തെ (ആറു) ഞായറാഴ്ചകളെ ഒഴിവാക്കി കണക്കുകൂട്ടിയാൽ വിഭൂതി മുതൽ ഈസ്റ്റർ വരെ 40 ദിവസമാണ്.

കണക്ക് എങ്ങനെയായാലും പഴയ മനുഷ്യനെ ദൂരെയെറിഞ്ഞ് ക്രിസ്തുവിൽ പുതുസൃഷ്ടികളാകാൻ തിരുസഭ കല്പിച്ചു നൽകുന്ന അനുഗ്രഹത്തിന്റെ കാലമാണ് തപസ്സുകാലം. വലിയ ശനിയാഴ്ച രാത്രി നാം നമ്മുടെ ജ്ഞാനസ്നാനവ്രതം നവീകരിക്കും. പാപത്തിനുമരിച്ച് ക്രിസ്തുവിനോടു ചേർന്ന് ദൈവത്തിനായി ജീവിക്കുന്ന അനുഭവമാണ് ജ്ഞാനസ്നാനം. തപസ്സുകാലത്തിൽ നമുക്ക് യേശുവിനോടൊന്നുചേരാം. സ്നാപകയോഹന്നാൻ പറഞ്ഞപോലെ തപസ്സുകാലാനുഷ്ഠാനത്തിലൂടെ യേശു നമ്മിൽ വളരട്ടെ. നമ്മിലെ നാം (അഹന്ത) ഇല്ലാതാകട്ടെ. അനുഗ്രഹ പൂർണ്ണമായ തപസ്സുകാലം ഏവർക്കും ആശംസിക്കുന്നു.

*പത്രാധിപർ*

Diocese of Vijayapuram

CIRCULAR LETTER

VOL. XIV • NO. 01• 2019 • FEBRUARY 2019

# തപസ്സുകാല വിചിന്തനങ്ങൾ

വന്ദ്യ വൈദികരേ, ബഹു. സന്യസ്തരേ, യേശുവിൽ പ്രിയ മക്കളേ,

സ്നേഹം തന്നെയായ ദൈവം അനന്ത സ്നേഹത്തിൽ മെനഞ്ഞെടുത്ത മനുഷ്യൻ തന്റെ സ്നേഹവലയത്തിൽ നിന്നും അകന്നുപോയ നിമിഷം മുതൽ അവനെ വീണ്ടെടുക്കുവാൻ ദൈവം തന്നെ തയ്യാറാക്കിയ പദ്ധതികളെയും, സ്നേഹത്തിന്റെ കല്പനകൾ അവഗണിക്കുന്നതിലൂടെ ദുരന്തങ്ങളിലേക്കു വഴുതി വീഴുന്ന ദൈവജനത്തെയും, കാലാകാലങ്ങളിൽ രക്ഷയുടെ മാർഗ്ഗങ്ങൾ കാട്ടിക്കൊടുക്കുന്ന ദൈവത്തെയും, നൂറ്റാണ്ടുകളായി രക്ഷകനു വേണ്ടി പ്രാർത്ഥനയോടും പ്രത്യാശയോടും ഉപവാസത്തോടുംകൂടി കാത്തിരിക്കുന്ന മനുഷ്യരുടെ ജീവിതാനുഭവങ്ങളെയുമാണ് പഴയ നിയമം വെളിപ്പെടുത്തുന്നത്. പുതിയ നിയമത്തിലാകട്ടെ, അനന്തകാരുണ്യവാനായ ദൈവം തന്റെ ഏകജാതന്റെ സ്നേഹബലിയിലൂടെ നഷ്ടപ്പെട്ടുപോയ മനുഷ്യകുലത്തെ വീണ്ടെടുക്കുന്ന ചരിത്രമാണ് പ്രദാനം ചെയ്യുന്നത്. യഥാർത്ഥമായ സ്നേഹം ആസ്വദിക്കണമെങ്കിൽ പാപസാഹചര്യങ്ങളെ പാടെ വെടിഞ്ഞ് ദൈവത്തിങ്കലേക്ക് തിരിയണമെന്ന ആഹ്വാനമാണ് പുതിയ നിയമത്തിന്റെ കാതൽ. സ്രഷ്ടാവും സൃഷ്ടികളും എന്നതിനേക്കാൾ അപ്പ പിതാവും മക്കളുമെന്ന പുതിയൊരു ബന്ധത്തിലേക്ക് മനുഷ്യനെ മാടിവിളിക്കുന്ന ത്രിത്വൈക ദൈവം തന്റെ കൂട്ടായ്മയിലേക്കും ഐക്യത്തിലേക്കും വാതിൽ തുറന്നു കൊടുക്കുന്ന ദൈവം, മനുഷ്യനിൽ നിന്നും പ്രതീക്ഷിക്കുന്നത് ഒന്നുമാത്രം: അവന്റെ മാനസാന്തരവും മടങ്ങിവരവും.

പാപബോധവും പശ്ചാത്താപവും ജനിപ്പിക്കുന്ന തപസ്സുകാലത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. കടന്നുവരുന്ന ഈ പുണ്യകാലത്തിൽ വിശ്വാസ സമൂഹം പെസഹായുടെ അഥവാ ഉയിർപ്പിന്റെ അനുഭവത്തിലേക്ക് നയിക്കപ്പെടുകയാണ്. ജോർദ്ദാനിൽ വച്ച് ജ്ഞാനസ്നാനം സ്വീകരിച്ച ക്രിസ്തുനാഥൻ പരിശുദ്ധാത്മാവിനാൽ പൂരിതനായി നടത്തിയ 40 ദിവസത്തെ ഉപവാസത്തെ അനുകരിച്ചുകൊണ്ടാണ് തിരുസഭ തപസ്സുകാലം അനുഷ്ഠിക്കുന്നത്. സാർവ്വത്രിക ഉപവാസ ദിനമായ വിഭൂതി ബുധൻ (Ash Wednesday) മുതൽ വലിയ ബുധനാഴ്ച സായാഹ്നം വരെയാണ് തപസ്സുകാലാചരണം തിരുസഭയിൽ നടക്കുന്നത്. തുടർന്നുള്ള പരിശുദ്ധ ത്രിദിനങ്ങളിലാണ് (Triduum) തപസ്സാനുഷ്ഠാനങ്ങളുടെ അതിശ്രേഷ്ഠമായ ആഘോഷങ്ങൾ നടക്കുക. ദൈവപിതാവിന്റെ അനന്തകരുണയിൽ ആശ്രയിച്ച് നമ്മുടെ പാപാവസ്ഥ മനസ്സിലാക്കി അനുതാപത്തോടെ ഏറ്റുപറഞ്ഞ് പാപവും പാപവഴികളും ഉപേക്ഷിച്ച് മടങ്ങിവന്ന് പുത്രസ്വീകാര്യപദവിയിൽ

ജീവിച്ച് സ്വർഗ്ഗത്തിന് അവകാശികളാകാൻ ഈ തപസ്സുകാലം നമ്മെ സഹായിക്കട്ടെ.

തപസുകാലാചരണത്തിന് നമ്മെ സജ്ജരാക്കാൻ വി. ലൂക്കായുടെ സുവിശേഷത്തിലെ ധൂർത്ത പുത്രന്റെ ഉപമ (വി. ലൂക്കാ 15:11-32) കൂടെക്കൂടെ നാം ധ്യാനവിഷയമാക്കണം. വചനം കേൾക്കാനും മാനസാന്തരത്തിന്റെ ഫലം പുറപ്പെടുവിക്കാനും തയ്യാറായി ക്രിസ്തുനാഥന്റെ പക്കലേക്കു വന്ന ചുങ്കക്കാരേയും പാപികളേയും അവിടുന്നു സ്വീകരിക്കുകയും അവരോടൊത്തു ഭക്ഷണം കഴിക്കുകയും ചെയ്തു. ഇതിനെ കുറ്റപ്പെടുത്തുകയും വിമർശിക്കുകയും ചെയ്ത ഫരിസേയരുടേയും നിയമജ്ഞരുടേയും ജീവിത നവീകരണത്തിനു യേശുനാഥൻ നൽകിയ സന്ദേശമാണ് ധൂർത്തപുത്രന്റെ കഥ.

അനുതാപത്തിന്റെ അനുഗ്രഹത്താൽ പാപിയാണ് എന്നു സ്വയം കണ്ടെത്തി പശ്ചാത്തപിച്ച് മാപ്പ് യാചിച്ച് മടങ്ങി വരുകയും പുത്രത്വ പദവിയിൽ പുനഃപ്രവേശിക്കുകയും ചെയ്ത ഇളയമകൻ നമുക്ക് ആത്മപരിശോധനയ്ക്കും അനുതാപത്തിനും മാനസാന്തരത്തിനും ഉത്തമ മാതൃകയാണ്. പിതാവിന്റെ സ്നേഹത്തെ യഥാർത്ഥത്തിൽ മനസ്സിലാക്കാതെ പരാതി പറഞ്ഞും വസ്തുവകകളിലും കൂട്ടുകെട്ടിലും വ്യാമോഹിച്ച് സഹോദരനെയും പിതാവിനേയും ഉൾക്കൊള്ളാതെ പോയ മൂത്തമകനും നമ്മുടെ ജീവിതത്തെ പരിശോധിക്കാനുള്ള ഒരു അളവുകോലാണ്. അവനുവേണ്ടി പിതാവ് ഭവനത്തിന് പുറത്തിറങ്ങിവന്ന് കരുണാപൂർവം സംഭാഷണം നടത്തിയിട്ടും മാനസാന്തരമുണ്ടാകാതെ നിരാശയിൽ നിപതിക്കുന്നത് ഇന്നത്തെ നാമമാത്ര വിശ്വാസികളുടെ അവസ്ഥയല്ലേ വെളിപ്പെടുത്തുന്നത്.

ബാഹ്യമായും ആന്തരികമായും മൂത്ത പുത്രനും ഇളയവനും പിതാവിൽ നിന്ന് അകലങ്ങളിലാണു വ്യാപരിക്കുന്നത്. എന്നാൽ പിതാവിനോടുള്ള ബന്ധം സമ്പത്തിന്റെ ഓഹരിയിലേക്ക് ഒതുക്കുകയാണ് ഇളയവൻ ചെയ്തത്. ഓഹരി വാങ്ങി സുഖലോലുപതയിൽ ധൂർത്തനായി ജീവിച്ച് എല്ലാം അയാൾ നശിപ്പിച്ചു. പിന്നീട് ക്ഷാമത്തിലകപ്പെട്ടപ്പോൾ പന്നിക്കൂട്ടങ്ങളുടെ ഉടമസ്ഥനെ ആശ്രയിക്കാനും അയാളുടെ അടിമയാകാനും ആ മകന് ദൗർഭാഗ്യമുണ്ടായി. സുഖലോലുപതയിലും ധൂർത്തിലും ജീവിച്ചവൻ പന്നി തിന്നുന്ന ഭക്ഷണമെങ്കിലും കഴിക്കാൻ ആഗ്രഹിക്കുന്ന ക്ഷാമത്തിൽ അകപ്പെടുകയും ചെയ്തു.

ക്രിസ്തുനാഥൻ പറയുന്നു അവനു സുബോധമുണ്ടായി എന്ന്. പാപത്തിന്റെ ഈ ദൗർഭാഗ്യവഴിയിൽ അവന് എങ്ങനെയാണ് ഈ സുബോധമുണ്ടായത്? ഭവനത്തിന് പുറത്തുവന്ന് പിതാവ് തന്നെ മുൻകൈയെടുത്തിട്ടും മൂത്തമകന് എന്തുകൊണ്ടാണ് സുബോധമുണ്ടാകാതിരുന്നതും, അവൻ ഭവനത്തിൽ പ്രവേശിക്കാതിരുന്നതും? സുബോധത്തിന്റെ അനുഗ്രഹത്തിനു നിദാനമായി വിശുദ്ധവചനം സൂചിപ്പിക്കുന്നത് സഹനമാണ്. ഇളയപുത്രൻ അഭിമുഖീകരിച്ച വലിയ ക്ഷാമവും പന്നിവളർത്തൽകാരന്റെ കീഴിലുള്ള അടിമത്വത്തിന്റെ ഞെരുക്കവും പന്നിക്കുള്ള ഭക്ഷണം പോലും കിട്ടാത്ത കൊടിയ വിശപ്പും അവന്റെ മാനസാന്തരത്തിനും മടങ്ങിവരവിനും കാരണമായി. എന്നാൽ അതിലേക്ക് അവനെ നയിച്ചത് തന്റെ പിതാവിനെയും പിതാവിന്റെ ഭവനത്തിലുണ്ടായിരുന്ന സന്തോഷങ്ങളെയും വാത്സല്യങ്ങളെയും ക്കുറിച്ചുള്ള ചിന്തകളായിരുന്നു. ക്ഷാമം, പ്രകൃതിക്ഷോഭം, മനുഷ്യനിർമ്മിത

ദുരന്തങ്ങൾ, ഭരണാധികാരികളുടെ സ്വേച്ഛാധിപത്യം തുടങ്ങിയവും വ്യക്തി ജീവിതത്തിലെ തകർച്ചയും, രോഗങ്ങൾ, സാമ്പത്തിക മാന്ദ്യം, സാമൂഹിക ഉച്ചനീചത്വങ്ങൾ തുടങ്ങിയവ നൽകുന്ന സഹനങ്ങളുമെല്ലാം ദൈവത്തെ നോക്കാനും ദൈവപരിപാലനയെ അംഗീകരിക്കാനുമുള്ള അവസരങ്ങളാക്കിയാൽ അത് മാനസാന്തരത്തിനും മടങ്ങിവരവിനും കാരണമാകും.

യേശുനാഥന്റെ സന്ദേശത്തിലെ മൂത്തപുത്രന്റെ മനോഭാവം നമുക്കുള്ള അപകട മുന്നറിയിപ്പാണ്. ധൂർത്തനായി അകന്നുപോയ ഇളയപുത്രനെ അന്വേഷിച്ച് പിതാവ് ഇറങ്ങി പുറപ്പെട്ടില്ല; അനുതപിച്ചു വന്ന അവന് ഭവനത്തിൽ ഇടം നല്കിയെന്നു മാത്രം. എന്നാൽ വയലിൽ നിന്നും മടങ്ങി ഭവനത്തിനു പുറത്തുമാറി പിണങ്ങിനിന്ന മൂത്ത പുത്രന്റെ പക്കലേക്ക് ഇറങ്ങി ചെന്ന പിതാവിന്റെ കാരുണ്യവചസ്സുകൾ ശ്രദ്ധിക്കുവാൻപോലുമാകാതെ കഠിനഹൃദയനായിരുന്നു അയാൾ. പിതൃസ്നേഹത്തിന്റെ വാത്സല്യമോ പുത്രന്റെ സ്ഥാനമഹത്വമോ അവകാശമോ ഒന്നുമായിരുന്നില്ല, കൂട്ടുകെട്ടിലും സുഖലോലുപതയിലും ജീവിക്കാനുള്ള ആസക്തിയായിരുന്നു അയാൾക്കുണ്ടായിരുന്നത്. വചനമറിയിച്ചുകൊണ്ടും അനുതാപശുശ്രൂഷകൾ നടത്തിയും ദൈവകൃപയുടെ സ്രോതസ്സായും നമ്മുടെ പക്കലേക്കു വരുന്ന തിരുസഭയുടെ കാരുണ്യാനുഭവത്തിനു മുമ്പിൽ പോലും മാനസാന്തരമില്ലാതെ കഠിനഹൃദയാരാകുന്നവർക്കുള്ള മുന്നറിയിപ്പാണ് ഈ മൂത്തപുത്രൻ. വിശപ്പും ക്ഷാമവും ഞെരുക്കവും ഇളയമകനെ പിതാവിന്റെ അടുക്കലേക്ക് തിരികെ കൊണ്ടുവരുന്നു. സമീപത്തേക്ക് വന്ന പിതാവിന്റെ സാന്നിധ്യംപോലും മൂത്ത പുത്രന് രക്ഷയുടെ പുനസമാഗമനത്തിന് കാരണമായില്ല. അനുതപിക്കാനും മടങ്ങിവരാനും പിതൃസന്നിധി പ്രാപിക്കാനുമുള്ള അനുഗ്രഹമായി സഹനത്തെ നമുക്ക് കാണാം. സഹനം ഏറ്റെടുക്കാനും അത് രക്ഷാകരമാക്കാനുമുള്ള വലിയ പരിശീലനമാണ് ഉപവാസമെന്ന പുണ്യം. തപസുകാലത്തെ ഉപവാസമർത്ഥമാക്കുന്നതു ഏതാനും ഭക്ഷണപദാർത്ഥങ്ങളുടെ താത്കാലിക മാറ്റിവയ്ക്കലല്ല, ഈലോക സൗകര്യങ്ങളുടെ മുമ്പിലുള്ള സ്വയം പരിമിതപ്പെടലാണ്. ഭക്ഷണ പാനീയങ്ങളും വിനോദ ഉപാധികളും ആഘോഷങ്ങളും സാമൂഹിക സമ്പർക്ക മാധ്യമങ്ങളുടെ ഉപയോഗവും ഈ പരിമിതമാക്കലിൽ നമ്മെ സഹായിക്കുമെന്നുമാത്രം.

പിതാവുമായുള്ള രണ്ടു മക്കളുടെയും ബന്ധം പ്രാർത്ഥനയുടെ യാഥാർത്ഥ്യം നമുക്കു വ്യക്തമാക്കിത്തരുന്നു. ഇളയപുത്രന്റെ വാക്കുകൾ അനുതാപാർദ്രമായ അഭ്യർത്ഥനയും മാപ്പുയാചനയുമായിരുന്നു. അതിന് പിതാവിന്റെ മറുപടി വേഗം ലഭിച്ചു. ആ മകൻ പിതൃഭവനത്തിൽ പുത്രനെന്ന നിലയിൽ പ്രവേശിച്ചു. മൂത്തമകന്റെ സംഭാഷണം പിതാവിനേയും സഹോദരനേയും കുറ്റം വിധിക്കുന്നതും ആവലാതികളുടെ സംഗ്രഹവുമായിരുന്നു. അവിടെയുള്ള ആവശ്യം സുഖലോലുപത മാത്രമായിരുന്നു. ഇതിന് ഉത്തരം ലഭിച്ചില്ല. പിതാവിന്റെ മറുപടി മകനെ യാഥാർത്ഥ്യബോധത്തിലേക്ക് നയിക്കാനും അവനുള്ള പുത്രത്വ പദവി ബോധ്യപ്പെടുത്താനുമായിരുന്നു. പിതാവിനെ ശ്രവിക്കാനുള്ള എളിമ മൂത്തപുത്രനുണ്ടായിരുന്നില്ല. തപസുകാലത്തെ പ്രാർത്ഥനയിൽ അനുതാപവും അനുരഞ്ജനവും മുന്നിട്ടു നിൽക്കാനും എളിമയോടെ ദൈവത്തെ ശ്രവിക്കാനും നമുക്ക് അവസരമുണ്ട്.

## കൊമ്യൂണിയോ ഇന്ത്യ (Communio India), വിശപ്പിനും രോഗത്തിനു മെതിരെയുള്ള യത്നം

ഭാരതസഭ ഇന്നത്തെ നിലയിലെത്തുവാൻ അനേകം വിദേശ ഉപകാരികളുടെ ഉദാരമായ സംഭാവനകൾ ഉണ്ടായിരുന്നുവെന്നത് വസ്തുതാപരമായ സത്യമാണല്ലോ. ദൈവാലയങ്ങൾ നിർമ്മിക്കുന്നതിനും സ്ഥാപനങ്ങൾ കെട്ടിപ്പൊക്കുന്നതിനും നമ്മെ സഹായിക്കുവാൻ അവർ പ്രേരിതരായത് സഭയുടെ സുവിശേഷവല്ക്കരണ പ്രക്രിയയിൽ ഭാഗഭാക്കാകാനുള്ള അവരുടെ വിശ്വാസ തീക്ഷ്ണതയായിരുന്നു. ഭാരതത്തിലെ മിഷൻ പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ തനതായ ഉപാധികൾ കണ്ടെത്തുവാൻ ഭാരതത്തിലെ ലത്തീൻ മെത്രാന്മാർ ദീഘകാലമായി ചിന്തിച്ചുവരികയായിരുന്നു. തത്ഫലമായി രൂപം കൊടുത്ത കൊമ്യൂണിയോ ഇന്ത്യ എന്ന പ്രസ്ഥാനത്തെ വളർത്തിയെടുക്കുവാൻ നാം ഏവരും കടപ്പെട്ടിരിക്കുന്നു. പ്രഥമലക്ഷ്യം നമ്മുടെ നാട്ടിലെ മിഷൻ രൂപതകളെ സാമ്പത്തികമായി സഹായിക്കുകയെന്നതാണ്. Communio Indiaയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാനുള്ള രേഖകൾ നന്നായി പഠിച്ച് ഭാരതസഭയുടെ സുവിശേഷ ദൗത്യത്തിൽ ഭാഗഭാക്കാകുവാൻ എല്ലാവരും പരിശ്രമിക്കുന്നത് നന്നായിരിക്കും. ഈ സംരഭത്തിന് ഓരോരുത്തരും തങ്ങളാൽ കഴിയുന്ന സംഭാവന പ്രത്യേകം തയ്യാറാക്കിയ കവറിൽ നിക്ഷേപിച്ച് വികാരി അച്ചന്മാരിലൂടെ കൂരിയായിലെത്തിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

ആർഭാടങ്ങളും ആഘോഷങ്ങളും ലഘൂകരിച്ച് ചിലവുകൾ കുറയ്ക്കുവാൻ നാം സന്നദ്ധരാകുന്ന സുവർണ്ണാവസരമാണല്ലോ നോമ്പുകാലം. ഇപ്രകാരം സ്വരൂപിക്കുന്ന തുക സഭയുടെ വിശപ്പിനും രോഗത്തിനുമെതിരായുള്ള ശുശ്രൂഷകളെ സഫലീകരിക്കുവാൻ നാം അർപ്പിക്കുന്നുണ്ട്. പതിവുപോലെ ഈ വർഷവും തപസ്സുകാലത്തിലെ രണ്ടു ഞായറാഴ്ചകളിലെ സ്തോത്രകാഴ്ചകൾ ഭാരതസഭയിലെ സാമൂഹ്യ ശുശ്രൂഷയ്ക്കു നേതൃത്വം വഹിക്കുന്ന കാരിത്താസ് ഇന്ത്യയെ ഏൽപ്പിക്കുന്നതിനായി വി.എസ്.എസ്.എസിൽ എത്തിക്കണം. വിശപ്പിനും രോഗത്തിനുമെതിരായ പ്രവർത്തനങ്ങൾക്ക് ഈ തുക ഉപയോഗിക്കുന്നതാണ്.

## വൈദികദിനവും തൈലാശീർവ്വാദ ദിവ്യബലിയും

കർത്താവ് പൗരോഹിത്യവും പരിശുദ്ധ കുർബാനയും സ്ഥാപിച്ചത് പെസഹാ വ്യാഴാഴ്ചയാണല്ലോ. എന്നാൽ നാം സൗകര്യാർത്ഥം വിശുദ്ധവാരത്തിലെ ചൊവ്വാഴ്ചയും ബുധനാഴ്ചയും പൗരോഹിത്യദിനമായും തൈലാശീർവ്വാദബലിക്കുള്ള ദിനമായും ആചരിക്കുന്നു. നമ്മുടെ കത്തീഡ്രൽ ദൈവാലയത്തിൽ നടക്കുന്ന അതിശ്രേഷ്ഠമായ കർമ്മമാണ് തൈലാശീർവ്വാദ ദിവ്യബലി. തിരുപ്പട്ടം, ജ്ഞാനസ്നാനം, സ്ഥൈര്യലേപനം, രോഗീലേപനം തുടങ്ങിയ കൂദാശകൾക്കു ഒരുവർഷത്തേക്കു ആവശ്യമുള്ള തൈലങ്ങളാണ് ആശീർവ്വദിക്കപ്പെടുന്നത്. പ്രസ്തുത ബലിയുടെ സവിശേഷമായ പ്രാധാന്യം കണക്കിലെടുത്താണ് തൈലാശീർവ്വാദബലിയിൽ കഴിയുന്നത്ര ദൈവജനത്തിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തണമെന്നു സഭ നിഷ്കർഷിക്കുന്നത്. രൂപതയിലെ എല്ലാ വൈദികരെയും കാണുവാനും അവരൊടൊത്തു ബലി അർപ്പിക്കുവാനുമുള്ള സുവർണ്ണാവസരമായതുകൊണ്ട് നിങ്ങളേവരേയും ഏപ്രിൽ 17-ാം തീയതി രാവിലെ 7.30 ന് അർപ്പിക്കുന്ന തൈലാ

ശീർവ്വാദബലിയിൽ പങ്കെടുക്കുവാൻ നമ്മുടെ കത്തീഡ്രൽ ദൈവാലയത്തിലേക്കു സ്വാഗതം ചെയ്യുന്നു. ഇടവകകളിൽ പൗരോഹിത്യ സ്ഥാപക ദിനമായ പെസഹാ വ്യാഴാഴ്ച ദിവ്യബലിമദ്ധ്യേ പ്രത്യേക സ്തോത്രകാഴ്ച നടത്തി നമ്മുടെ വൈദികരുടെ സംരംക്ഷണത്തിനായി PMAS നെ ഏല്പിക്കണമെന്നും ഇത്തരുണത്തിൽ അഭ്യർത്ഥിക്കുന്നു.

**തിരുഹൃദയ വർഷ സമാപനം**

നമ്മുടെ പ്രഥമ മെത്രാൻ ഭാഗ്യസ്മരണാർഹനായ ബൊനവെന്തുരാ അരാനാ ഒ.സി.ഡി. പിതാവ് നമ്മെ തിരുഹൃദയത്തിന് പ്രതിഷ്ഠിച്ചിട്ട് 80 വർഷം പൂർത്തിയായതിനോടനുബന്ധിച്ചാണല്ലോ 2018 മാർച്ച് 28-ാം തീയതി മുതൽ 2019 ഏപ്രിൽ 17 വരെ തിരുഹൃദയ വർഷമായി രൂപത പ്രഖ്യാപിച്ചത്. നമ്മെയും നമ്മുടെ ഭവനങ്ങളെയും സ്ഥാപനങ്ങളെയും തിരുഹൃദയത്തിനു പുനഃപ്രതിഷ്ഠിച്ചുകൊണ്ട് ദൈവസ്നേഹത്തിൽ നിറയാനും വളരാനും പകരാനുമാണ് ഈ വർഷാചരണത്തിൽ നാം മുഖ്യപരിഗണന നല്കിയത്. തിരുഹൃദയനാമത്തിലുള്ള പാമ്പനാർ, അമയന്നൂർ തുടങ്ങിയ ദൈവാലയങ്ങൾ സന്ദർശിച്ച് പ്രത്യേകം പ്രാർത്ഥനകൾ നടത്തുന്നവർക്ക് ദണ്ഡവിമോചനവും പരിശുദ്ധ സിംഹാസനം അനുവദിച്ചു നല്കുകയുണ്ടായി. തിരുഹൃദയവർഷ സമാപനത്തോടനുബന്ധിച്ച് ഇടവക പ്രതിനിധികളുടെ ഒരു പഠനശിബിരം ഏപ്രിൽ 16-ാം തീയതി നടത്തുവാൻ ആഗ്രഹിക്കുന്നു. 2019 ഏപ്രിൽ 17നുള്ള ദിവ്യബലിയോടെയായിരിക്കും തിരുഹൃദയവർഷം സമാപിക്കുന്നത്. വിശദ വിവരങ്ങൾ പിന്നാലെ അറിയിക്കുന്നതായിരിക്കും.

തപസുകാലം പ്രാർത്ഥനയുടെയും വചന പഠനത്തിന്റെയും പരിത്യാഗത്തിന്റെയും അവസരമാണ്. ദൈനംദിന പ്രാർത്ഥനാനുഷ്ഠാനങ്ങളെക്കാൾ ദൈവവുമായി ഐക്യപ്പെടുവാൻ കൂടുതൽ സമയം കണ്ടെത്തണം. വചനം വായിക്കണം, ശ്രവിക്കണം, ധ്യാനിക്കണം. ദീർഘസമയം ദിവ്യകാരുണ്യ സന്നിധിയിലെത്തി നമ്മുടെ ആത്മീയ നിലവാരത്തെക്കുറിച്ച് വിലയിരുത്തണം. കൂടെക്കൂടെ കുമ്പസാരിച്ച് സദാ സമയവും വരപ്രസാദത്തിൽ നിലനില്ക്കുവാൻ പരിശ്രമിക്കണം. പരമ്പരാഗത പ്രാർത്ഥനകളായ കുരിശിന്റെ വഴി ദൈവാലയങ്ങളിലും ഭവനങ്ങളിലും സ്ഥാപനങ്ങളിലും ഭക്തിപരവും സജീവവുമായി സംഘടിപ്പിക്കണം. ദരിദ്രർക്കു ദാനധർമ്മങ്ങൾ ചെയ്യുന്നതോടൊപ്പം രോഗികളെയും വൃദ്ധരെയും സന്ദർശിക്കുവാൻ സമയം കണ്ടെത്തണം. അങ്ങിനെ കർത്താവിന്റെ തിരുഹൃദയത്തിൽ നിന്നും ഒഴുകുന്ന സ്നേഹത്തിന്റെ ദിവ്യരക്തത്താൽ നിങ്ങളേവരും അഭിഷേകം ചെയ്യപ്പെടുകയും തിരുജലത്താൽ വിശുദ്ധീകരിക്കപ്പെടുകയും ചെയ്യട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുന്നു.

നമ്മുടെ അമ്മയായ വിമലഗിരി മാതാവിന്റെ തിരുസന്നിധേ നിങ്ങളേവരേയും സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവ്വദിച്ചുകൊള്ളുന്നു.

കോട്ടയം
20.02.2019

**✝ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ**
*വിജയപുരം മെത്രാൻ*

*NB: ഈ സർക്കുലർ 2019 മാർച്ച് 03 ഞായറാഴ്ച ദിവ്യബലിമദ്ധ്യേ നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.*

# ഇരുപത്തിയേഴാം ആഗോള രോഗീദിനം – 2019

## ഫ്രാൻസിസ് മാർപാപ്പായുടെ സന്ദേശം

*"ദാനമായി നിങ്ങൾക്കുകിട്ടി; ദാനമായിത്തന്നെ കൊടുക്കുവിൻ"*
*(മത്താ 10:8)*

പ്രിയ സഹോദരീസഹോദരന്മാരേ,

"ദാനമായി നിങ്ങൾക്കുകിട്ടി, ദാനമായിത്തന്നെ കൊടുക്കുവിൻ" (മത്താ 10:8). സൗജന്യ സ്നേഹപ്രവൃത്തികളിലൂടെ തന്റെ രാജ്യം വളരുന്നതിനുവേണ്ടി അപ്പസ്തോലന്മാരെ സുവിശേഷം പ്രചരിപ്പിക്കാൻ അയച്ചപ്പോൾ യേശു പറഞ്ഞതാണ് ഈ വാക്കുകൾ.

ഇരുപത്തിയേഴാം ആഗോളരോഗീദിനം ഇൻഡ്യയിൽ കൽക്കട്ടയിൽ വച്ച് 2019 ഫെബ്രുവരി 11-ന് ആഘോഷപൂർവ്വം ആചരിക്കുകയാണ്. ഇത്തരുണത്തിൽ, സുവിശേഷവത്കരണത്തിന് ഏറ്റവും വിശ്വാസ്യതയുള്ള മാർഗം നല്ല സമരിയാക്കാരന്റേതുപോലെയുള്ള പ്രവൃത്തികളാണെന്ന് സഭ - തന്റെ മക്കൾക്കെല്ലാം, പ്രത്യേകിച്ച് രോഗികൾക്ക്, ഒരു അമ്മയെപ്പോലെ - നമ്മെ അനുസ്മരിപ്പിക്കുന്നു. രോഗീപരിചരണത്തിന് വൈദഗ്ധ്യവും വാത്സല്യവും ആവശ്യമാണ്. ഒപ്പം, സ്നേഹിക്കപ്പെടുന്ന അനുഭവം അവരിൽ ഉളവാക്കുന്ന തലോടൽ പോലുള്ള ആത്മാർത്ഥവും ലളിതവുമായ അടയാളങ്ങളും വേണം.

ജീവൻ ദൈവത്തിൽനിന്നുള്ള ദാനമാണ്. വിശുദ്ധ പൗലോസ് ചോദിക്കുന്നു: "ദാനമായി ലഭിച്ചതല്ലാതെ നിനക്ക് എന്തുണ്ട്?" (1 കോറി 4:7) മനുഷ്യജീവിതം ഒരു ദാനമായതിനാൽത്തന്നെ, അതിനെ ഒരു സ്വകീയസമ്പത്തോ സ്വകാര്യസ്വത്തോ ആയി ചുരുക്കാൻ പാടില്ല. വൈദ്യശാസ്ത്രപരവും ജൈവസാങ്കേതികവിദ്യാപരവുമായ പുരോഗതികൾ "ജീവന്റെ വൃക്ഷ"ത്തിൽ (cf. ഉത്പ 3,24) കൈവയ്ക്കാൻ നമുക്കു പ്രലോഭനമാകുന്നുണ്ടെന്ന് ഓർക്കണം.

ധൂർത്തിന്റെയും നിസ്സംഗതയുടെയും ഇന്നത്തെ സംസ്കാരത്തിൽ ഒരു വസ്തുത ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നത്തെ താൻപോരിമയ്ക്കും സാമൂഹികവിഘടനത്തിനും വെല്ലുവിളിയുയർത്താൻ പര്യാപ്തമാണ് "ദാനം" എന്ന കാറ്റഗറി. അതേസമയം, ജനതകളും സംസ്കാരങ്ങളും തമ്മിൽ നൂതനങ്ങളായ ബന്ധങ്ങളും സഹകരണമാർഗങ്ങളും പരിപോഷിപ്പിക്കാനും അതിനു കഴിയും. ദാനത്തിന്റെ മുൻവ്യവസ്ഥയായ സംവാദം, സമൂഹത്തിൽ നിലനില്ക്കുന്ന അധികാരവിനിയോഗരീതികളെ തിരുത്താൻ കഴിവുള്ള മാനുഷിക വളർച്ചയ്ക്കും പുരോഗതിക്കുമുള്ള സാധ്യതകൾ സൃഷ്ടിക്കുന്നു. ദാനമെന്നാൽ കേവലം സമ്മാനം നല്കലല്ല. വസ്തുക്കളോ സാധനങ്ങളോ വിനിമയം ചെയ്യലല്ല അത്; മറിച്ച് സ്വയംദാനമാണ്. "ദാനം" എന്നത് സമ്മാനം കൊടുക്കലിൽനിന്നും വ്യത്യസ്തമാണ്. കാരണം, അതിൽ തന്നെത്തന്നെ നല്കലും ഒരു ബന്ധം സ്ഥാപിക്കാനുള്ള ആഗ്രഹവും ഉൾക്കൊള്ളുന്നു. ഇത് മറ്റുള്ളവരെ അംഗീകരിക്കലാണ്. അതാണല്ലോ സമൂഹത്തിന്റെ അടിസ്ഥാനം. ദാനമെന്നത് പുത്രന്റെ മനു

ഷ്യാവതാരത്തിലും പരിശുദ്ധാത്മവർഷത്തിലും പരമകോടിയിലെത്തുന്ന ദൈവസ്നേഹ ത്തിന്റെ ഒരു പ്രതിഫലനമാണ്.

നാമെല്ലാം ദരിദ്രരും ആവശ്യങ്ങളുള്ളവരും അഗതികളുമാണ്. നമ്മൾ ജനിക്കു മ്പോൾ മാതാപിതാക്കളുടെ ശുശ്രൂഷ നമുക്ക് ജീവിക്കാൻ ആവശ്യമായിരിക്കുന്നു. ജീവി തത്തിന്റെ ഓരോ ഘട്ടത്തിലും ഏതെങ്കിലും തരത്തിൽ മറ്റുള്ളവരുടെ സഹായത്തെ നാം ആശ്രയിക്കുന്നു. മറ്റു വ്യക്തികളുടെയും സാഹചര്യങ്ങളുടെയും മുമ്പിൽ "സൃഷ്ടി കൾ" എന്ന നിലയിൽ നമ്മുടെ പരിമിതികളെക്കുറിച്ച് നാം എപ്പോഴും അവബോധമു ള്ളവരാണ്. ഈ സത്യത്തിന്റെ ആത്മാർത്ഥമായ അംഗീകരണം നമ്മെ വിനീതരായി സൂക്ഷിക്കും. ജീവിതത്തിലെ സത്താപരമായ ഒരു പുണ്യമെന്ന നിലയിൽ ഐക്യ ദാർഢ്യം അഭ്യസിക്കാൻ അതു പ്രേരിപ്പിക്കും.

വ്യക്തിപരവും സാമൂഹികവുമായ നന്മ വളർത്താൻ ഉത്തരവാദിത്വപൂർവം പ്രവർത്തിക്കുന്നതിന് അത്തരം ഒരു അംഗീകാരം നമ്മെ പ്രേരിപ്പിക്കും. നാം നമ്മെത്തന്നെ വേർപെട്ട ഒരു ലോകമായി കാണാതെ മറ്റുള്ളവരുമായുള്ള സഹോദര പരമായ ബന്ധത്തിൽ കാണണം. എങ്കിൽ മാത്രമേ പൊതു നന്മയെ ലക്ഷ്യം വയ്ക്കുന്ന ഐക്യദാർഢ്യത്തിന്റെ സാമൂഹിക അഭ്യസനം വികസിപ്പിക്കാൻ കഴിയുകയുള്ളൂ. ആവ ശ്യത്തിൽപ്പെട്ടവരും മറ്റുള്ളവരെ ആശ്രയിക്കുന്നവരുമായി നമ്മെത്തന്നെ കാണാൻ നാം ഭയപ്പെടരുത്. സ്വപ്രയത്നംകൊണ്ടുതന്നെ വ്യക്തിപരമായി നമ്മുടെ പരിമിതികളെ അതിജീവിക്കാൻ നമുക്കു കഴിയില്ലല്ലോ. അതിനാൽ ആ പരിമിതികളെ അംഗീകരി ക്കാൻ നാം ഭയപ്പെടരുത്. ദൈവം തന്നെ യേശുക്രിസ്തുവിൽ വിനയപൂർവ്വം നമ്മി ലേക്ക് ഇറങ്ങി വന്നു (cf. ഫിലി 2:8). ഇന്നും അങ്ങനെ ചെയ്യുന്നുണ്ട്. നമ്മുടെ ദാരി ദ്ര്യത്തിൽ അവിടന്ന് നമ്മെ സഹായിക്കാൻ വരുകയും നമ്മുടെ ഭാവനയ്ക്ക് അതീത മായ ദാനങ്ങൾ നമുക്കു നല്കുകയും ചെയ്യുന്നു.

ഇൻഡ്യയിൽവച്ചുള്ള ആഘോഷത്തിന്റെ വെളിച്ചത്തിൽ സന്തോഷത്തോടും വിസ്മ യത്തോടുംകൂടി കൽക്കട്ടയിലെ മദർ തെരേസയെ ഓർമ്മിക്കാൻ ഞാൻ ആഗ്രഹിക്കു ന്നു. പരസ്നേഹത്തിന്റെ മാതൃകയായ അവർ ദരിദ്രരോടും രോഗികളോടും ദൈവ ത്തിനുള്ള സ്നേഹം ദൃശ്യമാക്കി. അവരെ വിശുദ്ധരുടെ പദവിയിലേക്ക് ഉയർത്തിയ പ്പോൾ ഞാൻ ഇങ്ങനെ പറഞ്ഞിരുന്നു: "മദർ തെരേസ ജീവിതത്തിന്റെ എല്ലാ വശങ്ങ ളിലും ദൈവിക കരുണയുടെ ഉദാരയായ വിതരണക്കാരിയായിരുന്നു. മനുഷ്യജീവനെ -ഗർഭസ്ഥശിശുക്കളുടെയും പരിത്യക്തരുടെയും ജീവനെ - സ്വീകരിച്ച് സംരക്ഷിക്കു ന്നതിനുവേണ്ടി മദർതെരേസ എല്ലാവർക്കും സ്വയം സംലഭ്യയാക്കി. തെരുവീഥിയിൽ മരിക്കാൻവേണ്ടി ഉപേക്ഷിക്കപ്പെട്ടവരുടെ മുമ്പിൽ അവരിലുള്ള ദൈവമഹത്ത്വം കണ്ടു കൊണ്ട് അവൾ തലകുനിച്ചു. തങ്ങൾ സൃഷ്ടിച്ച ദാരിദ്ര്യമെന്ന കുറ്റകൃത്യത്തിന്റെ - അതെ, കുറ്റകൃത്യംതന്നെ! - പാപഭാരം തിരിച്ചറിയുംവിധം ഈ ലോകത്തിലെ അധി കാരകേന്ദ്രങ്ങൾക്കു മുമ്പിൽ അവൾ തന്റെ സ്വരം കേൾപ്പിച്ചു. മദർ തെരേസയുടെ അധ്വാനത്തെ മധുരമുള്ളതാക്കിയ 'ഉപ്പ്' കാരുണ്യമായിരുന്നു. ദാരിദ്ര്യംകൊണ്ടും സഹനം കൊണ്ടും കരഞ്ഞു കണ്ണുനീർ വറ്റിയവർക്ക് അന്ധകാരത്തിൽ തെളിഞ്ഞ 'പ്രകാശം' അതായിരുന്നു. നഗരത്തിന്റെയും അസ്തിത്വത്തിന്റെയും അരികുകളിൽ അവൾ നിർവ ഹിച്ച ദൗത്യം, ദരിദ്രരിൽ ദരിദ്രരായവരോട് ദൈവത്തിനുള്ള അടുപ്പത്തിന്റെ ശക്ത മായ സാക്ഷ്യമാണ് നമുക്ക് ഇന്നു നല്കുന്നത്" (Homily 4 Sept. 2016).

ഓരോ മനുഷ്യനോടും ഭാഷാപരമോ സംസ്കാരപരമോ വംശപരമോ മതപരമോ

ആയ വ്യത്യാസം ഇല്ലാത്തതും സ്വാർത്ഥതയില്ലാത്തതുമായ സ്നേഹമായിരിക്കണം നമ്മുടെ പ്രവർത്തനത്തിന്റെ ഏകമാനദണ്ഡമെന്നു മനസ്സിലാക്കുവാൻ വിശുദ്ധ മദർ തെരേസാ നമ്മെ സഹായിക്കുന്നു. മനസ്സിലാക്കപ്പെടലും വാത്സല്യപൂർവകമായ സ്നേഹവും ആവശ്യമായിരിക്കുന്ന എല്ലാവർക്കും - പ്രത്യേകിച്ച് സഹിക്കുന്നവർക്ക് - സന്തോഷത്തിന്റെയും പ്രത്യാശയുടെയും ചക്രവാളങ്ങൾ തുടർന്നുകൊണ്ട് മദർ തെരേസയുടെ മാതൃക നമ്മെ ഇപ്പോഴും നയിച്ചുകൊണ്ടിരിക്കുന്നു.

ആരോഗ്യ ശുശ്രൂഷയിൽ ഏറെ പ്രാധാന്യമുള്ള സന്നദ്ധസേവകരുടെ പ്രവർത്തനത്തെ പ്രചോദിപ്പിക്കുന്നതും നിലനിർത്തുന്നതും ഉദാരതയാണ്. അവർ നല്ല സമരിയാക്കാരന്റെ ആദ്ധ്യാത്മികത വാചാലമാകുംവിധം സ്വന്തമാക്കിയിരുന്നു. രോഗികളെ സഹായിക്കുന്ന സന്നദ്ധസംഘടനകളോടും രക്തം, ടിഷ്യുകൾ, അവയവങ്ങൾ എന്നിവയുടെ ദാനം ഏർപ്പെടുത്തുന്നവരോടും ഞാൻ കൃതജ്ഞത രേഖപ്പെടുത്തുന്നു. അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. നിങ്ങളുടെ സാന്നിധ്യത്തിലൂടെ പ്രകടമാകുന്ന സഭയുടെ കരുതലിന്റെയും പരിഗണനയുടെയും ഒരു പ്രത്യേകമേഖല ഇതാണ് - രോഗികളുടെ, പ്രത്യേകിച്ച് സവിശേഷ പരിചരണം ആവശ്യമുള്ളവരുടെ അവകാശങ്ങൾക്കായി വാദിക്കുക. രോഗങ്ങളെ തടയുന്നതിനുവേണ്ടിയുള്ള അറിവും പ്രോത്സാഹനവും നല്കുവാൻ വേണ്ടി നടത്തുന്ന വിവിധ പരിശ്രമങ്ങളെക്കൂടി ഞാൻ ഇവിടെ സൂചിപ്പിക്കുന്നു. ആശുപത്രികളിലും വീടുകളിലും നിങ്ങൾ ചെയ്യുന്ന സന്നദ്ധസേവനം ഏറ്റവും പ്രധാനപ്പെട്ടതാണ്. അതിൽ ആരോഗ്യശുശ്രൂഷയും ആദ്ധ്യാത്മിക പിൻതുണയും അടങ്ങിയിട്ടുണ്ട്. രോഗികളും ഒറ്റപ്പെട്ടവരും വൃദ്ധരും മാനസികമോ ശാരീരികമോ ആയ ദുർബലതയുള്ളവരും ഈ സേവനത്തിൽ നിന്ന് ഉപകാരം നേടുന്നുണ്ട്. മതാഭിമുഖ്യമില്ലാത്ത ഒരു ലോകത്ത് സഭയുടെ സാന്നിധ്യത്തിന്റെ അടയാളമായി തുടരുവാൻ ഞാൻ നിങ്ങളെ നിർബന്ധിക്കുന്നു. ഒരു വോളന്റിയർ നല്ല സുഹൃത്താണ്. വ്യക്തിപരമായ ചിന്തകളും വികാരങ്ങളും അയാളുമായി പങ്കുവയ്ക്കാം. വോളന്റിയർമാർ ക്ഷമാപൂർവം ശ്രവിക്കുന്നു. അങ്ങനെ അവർ രോഗികളെ നിഷ്ക്രിയരായ സ്വീകർത്താക്കൾ എന്ന നിലയിൽ നിന്ന് സജീവ പങ്കാളികളാക്കുന്നു. ആ ബന്ധം പ്രത്യാശ നല്കുന്നു; കൂടുതൽ ചികിത്സയ്ക്ക് പ്രചോദനം നല്കുന്നു. ഉദാരമതിയാകാനുള്ള അഗാധമായ ആഗ്രഹത്തിൽനിന്ന് ഉദ്ഭൂതമാകുന്ന മൂല്യങ്ങളും സ്വഭാവങ്ങളും ജീവിതശൈലികളുമാണ് സന്നദ്ധസേവനം പകർന്നുനല്കുന്നത്. ആരോഗ്യസംരക്ഷണം കൂടുതൽ മാനുഷികമാക്കാനുള്ള ഒരു മാർഗം കൂടിയാണിത്.

കത്തോലിക്കാ ആരോഗ്യസംരക്ഷണ കേന്ദ്രങ്ങളെ - വികസിത പ്രദേശങ്ങളിലായാലും ദാരിദ്ര്യമുള്ള പ്രദേശങ്ങളിലായാലും - ഉദാരതയുടെ ചൈതന്യമാണ് സവിശേഷമാംവിധം പ്രചോദിപ്പിക്കേണ്ടത്. കാരണം അവ തങ്ങളുടെ പ്രവൃത്തികൾ ചെയ്യുന്നത് സുവിശേഷത്തിന്റെ വെളിച്ചത്തിലാണ്. എങ്ങനെയും ലാഭമുണ്ടാക്കുക, തിരിച്ചുകിട്ടാൻവേണ്ടി കൊടുക്കുക, ജനങ്ങളെ പരിഗണിക്കാതെ ചൂഷണം ചെയ്യുക എന്നിങ്ങനെയുള്ള മനോഭാവങ്ങളോടുള്ള പ്രത്യുത്തരമായി കത്തോലിക്കാസ്ഥാപനങ്ങൾ ആത്മദാനത്തിന്റെയും ഔദാര്യത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും മാതൃക നല്കാൻ വിളിക്കപ്പെട്ടിരിക്കുന്നു.

ഉദാരതയുടെയും ദാനത്തിന്റെയും സംസ്കാരത്തെ വളർത്താൻ എല്ലാതലങ്ങളിലുമുള്ള ഓരോവ്യക്തിയെയും ഞാൻ നിർബന്ധിക്കുന്നു. ലാഭത്തിന്റെയും ധൂർത്തിന്റെയും സംസ്കാരത്തെ കീഴടക്കാൻ അത് അത്യന്താപേക്ഷിതമാണ്. കത്തോലിക്കാ ആരോ

ഗ്യസംരക്ഷണകേന്ദ്രങ്ങൾ കേവലം ബിസിനസ് നടത്തുന്നതിന്റെ കെണിയിൽ വീഴരുത്. അവർ ലാഭത്തെക്കാൾ കൂടുതലായി വ്യക്തിപരമായ ശുശ്രൂഷയെ പരിഗണിക്കണം. ആരോഗ്യം ആപേക്ഷികമാണെന്നും അത് മറ്റുള്ളവരുമായുള്ള ബന്ധത്തെ ആശ്രയിച്ചിരിക്കുന്നുവെന്നും അതിന് വിശ്വാസവും സൗഹൃദവും ഐക്യദാർഢ്യവും ആവശ്യമാണെന്നും നമുക്കറിയാം. പങ്കുവയ്ക്കുമ്പോൾ മാത്രം പൂർണമായി ആസ്വദിക്കാൻ കഴിയുന്ന നിധിയാണത്. ഒരു ക്രൈസ്തവന്റെ ആരോഗ്യത്തിന്റെ ബാരോമീറ്റർ ഉദാരതാപൂർണമായ ദാനത്തിന്റെ സന്തോഷമാണ്.

ഞാൻ നിങ്ങളെ എല്ലാവരെയും 'രോഗികളുടെ ആരോഗ്യം' ആയ മറിയത്തിൽ സമർപ്പിക്കുന്നു. സംവാദത്തിന്റെ ചൈതന്യത്തിലും പരസ്പരസ്വീകരണത്തിലും നാം സ്വീകരിച്ച ദാനങ്ങൾ പങ്കുവയ്ക്കാൻ അവൾ നമ്മെ സഹായിക്കട്ടെ. പരസ്പര ആവശ്യങ്ങൾ ശ്രദ്ധിച്ച് സഹോദരീസഹോദരന്മാരായി ജീവിക്കാനും ഉദാരതയുള്ള ഹൃദയത്തിൽ നിന്നു നല്കാനും മറ്റുള്ളവർക്ക് നിസ്വാർത്ഥസേവനം ചെയ്യാനും സഹായിക്കട്ടെ. പ്രാർത്ഥനയിലുള്ള എന്റെ അടുപ്പം ഞാൻ സ്നേഹത്തോടെ ഉറപ്പുപറയുന്നു. എല്ലാവർക്കും എന്റെ അപ്പോസ്തോലികാശീർവാദം ഹൃദയപൂർവ്വം നല്കുന്നു.

വത്തിക്കാൻസിറ്റി, 25 നവംബർ, 2018
പ്രപഞ്ചരാജാവായ കർത്താവായ യേശുക്രിസ്തുവിന്റെ
തിരുനാൾദിനം
ഫ്രാൻസിസ് പാപ്പാ

## വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ

**മാർച്ച് 19**

"വിശുദ്ധ യൗസേപ്പിന്റെ പക്കലേക്ക് അണയുക"
(Ite ad Joseph)

***1870-ൽ പീയൂസ് ഒൻപതാമൻ പാപ്പാ വി. യൗസേപ്പിതാവിനെ സാർവ്വത്രിക സഭയുടെ മധ്യസ്ഥനായി പ്രഖ്യാപിച്ചു.***



- **നന്മരണത്തിന്റെ മധ്യസ്ഥൻ**
- **നീതിമാനായ വി. യൗസേപ്പ്**
- **ജീവിത വിശുദ്ധിക്കു മാതൃക**
- **തൊഴിലാളികളുടെ മധ്യസ്ഥൻ**

*പീയൂസ് പന്ത്രണ്ടാമൻ പാപ്പാ 1955-ൽ വി. യൗസേപ്പിനെ തൊഴിലാളികളുടെ മധ്യസ്ഥനായി പ്രഖ്യാപിച്ചു. മെയ്മാസം 1-ാം തീയതി* Feast of St. Joseph the worker *ആയി ആഘോഷിക്കുന്നു.*

# ധാർമ്മികതയും മനഃസാക്ഷിയും പുലർത്തണം

ബിഷപ്പ് തെക്കെതേച്ചേരിൽ



*വിജയപുരം രൂപതാ പാസ്റ്ററൽ കൗൺസിൽ യോഗം ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ ഉദ്ഘാടനം ചെയ്യുന്നു. മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ, പി.ജെ. വർഗ്ഗീസ്, ഷിബു ജോസഫ്, റവ.ഡോ. ചാക്കോ പുത്തൻപുരയ്ക്കൽ, ഹെൻറി ജോൺ എന്നിവർ സമീപം*

ധാർമ്മികതയോടും മനഃസാക്ഷിയോടുംകൂടി ജീവിക്കുക ഏതൊരു സമൂഹത്തിന്റെയും കടമയാണെന്ന് വിജയപുരം ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പ്രസ്താവിച്ചു. വിജയപുരം രൂപതയുടെ 10-ാം പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമയോഗം വിമലഗിരി പാസ്റ്ററൽ സെന്ററിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ബിഷപ്പ്. പൂർവ്വികരാൽ നമുക്കു നൽകപ്പെട്ട ദൗത്യം മാതൃകാപരമായ ജീവിതം വഴി അടുത്ത തലമുറയ്ക്കു പകർന്നു നൽകുവാൻ ബോധപൂർവ്വമായ ശ്രമമാണു വേണ്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

5 റവന്യൂ ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന രൂപതയുടെ വിവിധ ഇടവകകളിൽ നിന്നും ഫൊറോനാകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ കത്തിച്ച മെഴുകുതിരികളേന്തി സത്യപ്രതിജ്ഞ ചെയ്തു കൗൺസിൽ അംഗങ്ങളായിത്തീർന്നു. ആലുവ കാർമ്മൽഗിരി പൊന്തിഫിക്കൽ സെമിനാരി റെക്ടറായി നിയമിതനായ വിജയപുരം രൂപതാ വൈദികൻ റവ. ഡോ. ചാക്കോ പുത്തൻപുരയ്ക്കലിനെയും കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ കോർപ്പറേഷൻ ചെയർമാനായി നിയമിതനായ രൂപതാംഗം പി.ജെ. വർഗ്ഗീസിനെയും പൊന്നാടയണിച്ച് ബിഷപ്പ് ആദരിച്ചു. രൂപതാ പി.ആർ.ഒ അഡ്വ. ഹെൻറി ജോൺ ഈ പ്രതിഭകളെ സദസിനു പരിചയപ്പെടുത്തി. ഡോ. ചാക്കോ പുത്തൻപുരയ്ക്കലും, ശ്രീ. പി.ജെ. വർഗ്ഗീസും അനുമോദനങ്ങൾക്ക് നന്ദി അർപ്പിച്ച് സംസാരിച്ചു.

വിശ്വാസത്തിന്റെയും സമഗ്ര വികസനത്തിന്റെയും മേഖലകളിൽ

നൽകേണ്ട ഊന്നലുകളെക്കുറിച്ച് യോഗം ചർച്ച ചെയ്തു. തിരുഹൃദയവർഷാചരണത്തിന്റെ സമാപനപരിപാടികൾ, കുടിൽരഹിത രൂപതാ പദ്ധതിയുടെ പുരോഗതി, ഉന്നത വിദ്യാഭ്യാസം തേടുന്ന വിദ്യാർത്ഥികൾക്കുള്ള സാമ്പത്തിക സഹായ പദ്ധതി, ഭൂരഹിതർക്കുള്ള ഭവനനിർമ്മാണ പദ്ധതി എന്നിവയെ സംബന്ധിച്ചുള്ള ചർച്ചകളും യോഗത്തിൽ നടന്നു. കുടിൽരഹിത രൂപതാ പദ്ധതി പ്രകാരം 409 വീടുകൾ നിർമ്മിച്ചു നൽകുവാൻ സാധിച്ചു എന്നത് ചാരിതാർത്ഥ്യജനകമാണെന്ന് യോഗം വിലയിരുത്തി. വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ, വി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. ഡെന്നീസ് കണ്ണമാലിൽ, റവ.സി. ജനിൻ സി.എസ്.എസ്.റ്റി. എന്നിവർ ചർച്ചകൾക്കു നേതൃത്വം നൽകി.

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയായി മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കലും ജോയിന്റ് സെക്രട്ടറിയായി മേരി മാത്യുവും നിയമിതരായി. കെ.ആർ.എൽ.സി.സി. അംഗങ്ങളായി ജോൺസൺ പി. ആന്റണി, പി. അർപ്പുതരാജ്, മേരി മാത്യു, എൽസി ക്രിസ്റ്റഫർ എന്നിവരും, കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യാ പ്രതിനിധികളായി മൈക്കിൾ ഡിക്രൂസ്, മേരി മാത്യു എന്നിവരും, കേരളാ കാത്തലിക് കൗൺസിൽ അംഗങ്ങളായി മോൺ. സെബാസ്റ്റ്യൻ, റവ.സി. ജനിൻ സി.എസ്.എസ്.റ്റി, പ്രൊഫ. ചന്ദ്രൻ, വിജി വർഗ്ഗീസ് എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. മോൺ സെബാസ്റ്റ്യൻ പൂവത്തുങ്കൽ, റവ.ഫാ. പോൾ ഡെന്നി രാമച്ചംകുടി, ഷിബു ജോസഫ് എന്നിവർ പ്രസംഗിച്ചു.




## ജന്മദിനാശംസകൾ

01 Fr.Mathew Subhash Vyakazha
02 Fr.Linoose Bivera Chullickaparambil
04 Fr.Joseph Kuttikkattil
05 Fr.Jose Kaithakuzhy
10 Fr.Xavier Cherunelladiyil
11 Fr.John Kunnathukuzhy
12 Fr.Aji Joseph Cherukakramcheril
12 Msgr.Jose Navez
22 Fr.Antony Pattapparambil
25 Fr.Alexander Kambalathuparambil

**മാർച്ച്**

## വിജയപുരം വൈദിക സമ്മേളനം പ്രണാമമർപ്പിച്ചു



*വിമലഗിരി പാസ്റ്ററൽ സെന്ററിൽ നടന്ന വിജയപുരം രൂപതാ വൈദിക സമ്മേ ളനം പുൽവാന ഭീകരാക്രമണത്തിൽ ജീവത്യാഗം ചെയ്തവർക്കുവേണ്ടി പ്രാർത്ഥനാ ശുശ്രൂഷ നടത്തുന്നു.*

പുൽവാനയിലെ ഭീകരാക്രമണത്തിൽ രാഷ്ട്രത്തിനുവേണ്ടി ജീവത്യാഗം ചെയ്ത വീര ജവാന്മാർക്കു വിജയപുരം രൂപതയിലെ വൈദിക സമ്മേളനം പ്രണാമമർപ്പിച്ചു. വൈദികർ കത്തിച്ച മെഴുകുതിരികൾ കൈയിലേന്തി അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവിനോടൊപ്പം ഭീകരവാദങ്ങൾക്കെതിരെയും ലോകസമാധാനത്തിനുവേണ്ടിയും പ്രത്യേക പ്രാർത്ഥനാശുശ്രൂഷകൾ നടത്തി. വിമലഗിരി പാസ്റ്ററൽ സെന്ററിൽ നടന്ന വൈദികരുടെ ത്രൈമാസ സമ്മേളനത്തിൽ നടത്തപ്പെട്ട ശുശ്രൂഷകൾക്കു വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ, എപ്പിസ്ക്കോപ്പൽ വികാരി മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ എന്നിവർ നേതൃത്വം നൽകി.

## പരേതരെ സ്മരിക്കാം – മാർച്ച്

| | | |
|---|---|---|
| 03 | (2008) | Fr.Thomas Viruthiyil |
| 05 | (1987) | Fr.Thomas Chalumkal |
| 10 | (1983) | Fr.William OCD |
| 12 | (1951) | Fr.Dositheus OCD |
| 14 | (1995) | Fr.Zacharias Kanjickal |
| 19 | (1991) | Fr.Francis D' Aruja |
| 22 | (1996) | Fr.George Pariyaram |
| 25 | (1969) | Fr.Mathew Naramveli |
| 26 | (1958) | Bishop Bonaventura Arana OCD |
| 27 | (2007) | Fr.Michael Kalathil OCD |
| 30 | (1986) | Fr. Bonaventure OCD |

SECRETARIAT OF STATE

FIRST SECTION - GENERAL AFFAIRS

From the Vatican, 17 January 2019

No. 429.066

My Lord Bishop,

The Holy Father has asked me to express his gratitude for the greetings which you sent to him for Christmas and the New Year on behalf of the Diocese of Vijayapuram. The prayers offered for his intentions are deeply appreciated.

His Holiness invokes upon you and those entrusted to your care an abundance of joy and peace in Christ the Incarnate Word, and he cordially imparts his Apostolic Blessing.

Assuring you of my prayerful best wishes, I am

Yours sincerely in Christ,

✠ Edgar Peña
Substitute

The Right Reverend Sebastian Thekethecheril
Bishop of Vijayapuram
Good Shepherd
PO Box 82
Kottayam 686 001
Kerala
India

# അസ്സീസി നഴ്സിംഗ് കോളേജ് ബിരുദദാന ചടങ്ങ്




വെരി.റവ.മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ അസ്സീസി നഴ്സിംഗ് കോളേജ് 3-ാം ബാച്ച് ബിരുദദാന ചടങ്ങ് നടത്തപ്പെട്ടു. എസ്.എച്ച്. ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ റവ.സി. ആലീസ് എസ്.എച്ച്. ഉത്ഘാടനം നിർവ്വഹിച്ചു. അസി. നേഴ്സിംഗ് കോളേജ് വൈസ് പ്രിൻസിപ്പൽ ബിന്ദു എബ്രഹാം, പ്രിൻസിപ്പൽ ബോൺസവ് സ്ക്കറിയ, ഡയറക്ടർ റവ.ഫാ. മൈക്കിൾ വലയിഞ്ചിയിൽ, അസി. ഡയറക്ടർ ഫാ. ആഗ്നേൽ ഡൊമിനിക്, എരുമേലി അഡീഷണൽ എസ്.ഐ. മി. ഷിബു എം.എസ്., എസി. സ്കൂൾ ഓഫ് നേഴ്സിംഗ് പ്രിൻസിപ്പൽ സി. മേരി ജേറോമി എന്നിവർ വേദി പങ്കിട്ടു. ബിരുദധാരികൾക്ക് വെരി.റവ.മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ മെഡലും സർട്ടിഫിക്കറ്റും നൽകി.



അസ്സീസി നഴ്സിംഗ് കോളേജിലെ 7-ാം ബാച്ച് കുട്ടികളുടെയും അസ്സീസി സ്കൂൾ ഓഫ് നഴ്സിംഗിലെ 14-ാം ബാച്ച് കുട്ടികളുടെയും ലാംപ് ലൈറ്റിംഗ് സെറിമണി വിജയപുരം രൂപതാമെത്രാൻ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കേത്തെച്ചേരി പിതാവിന്റെ നേതൃത്വത്തിൽ വി. കുർബാന മധ്യേ നടത്തപ്പെട്ടു.

# കുരിശില്ലാതെ കിരീടമില്ല

ലിജോ പുതുച്ചിറ, എരുമേലി



**ലോ**കത്തിലെ ഏറ്റവും വലിയ അത്ഭുതമായ നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തിരുനാളിന് ഒരുക്കമായുള്ള അമ്പതു നോമ്പിലേക്ക് നാം പ്രവേശിക്കുകയാണ്. അനുതാപത്തോടെ പാപസാഹചര്യങ്ങളെ ഒഴിവാക്കിക്കൊണ്ടും സഹോദരരുമായി അനുരഞ്ജനപ്പെട്ടും ഇഷ്ടപ്പെട്ടതു പലതും ഉപേക്ഷിച്ചുകൊണ്ടും പ്രായ്ചിത്ത കർമ്മങ്ങൾ അനുഷ്ഠിച്ചുകൊണ്ടും കുരിശിന്റെ വഴിയിലൂടെ ചരിക്കാനാണ് ഈ തപസ്സുകാലത്ത് സഭ നമ്മോടാവശ്യപ്പെടുന്നത്.

കുരിശ് എന്ന് കേൾക്കുമ്പോഴേ എല്ലാ മനുഷ്യരും മുഖം തിരിക്കും. എങ്കിലും കുരിശുകളില്ലാത്ത മനുഷ്യരില്ല. ദിവ്യബലിയിലും ആരാധനയിലും ധ്യാനത്തിലും പങ്കെടുക്കുമ്പോഴും അനുദിനജീവിതത്തിലെ വ്യക്തിപരമായ പ്രാർത്ഥനകളിലും എന്തൊക്കെ പരാതികളും ആവശ്യങ്ങളുമാണ് നാം ദൈവത്തോട് ഉന്നയിക്കുന്നത്? 'താൻ സ്നേഹിക്കുന്നവന് കർത്താവ് ശിക്ഷണം നൽകുന്നു: മക്കളായി സ്വീകരിക്കുന്നവരെ പ്രഹരിക്കുകയും ചെയ്യുന്നു'(ഹെബ്രാ.12:6).

കർത്താവ് സഹനങ്ങൾ നൽകിയാണ് നമ്മെ സ്നേഹിക്കുന്നത്. ജീവിതത്തിൽ കയ്പേറുന്ന അനുഭവങ്ങൾ ഉണ്ടാകുമ്പോഴും അവ പങ്കുവയ്ക്കാൻ പോലും കഴിയാതെ മുന്നോട്ടു പോകുമ്പോഴും ഓർക്കുക, അവിടുന്ന് നമ്മെ അത്യധികം സ്നേഹിക്കുന്നു. ആ വേദനകൾ മാറിപ്പോകാനല്ല, പ്രത്യുത ദൈവം തരുന്ന സഹനങ്ങളെ സന്തോഷത്തോടെ സ്വീകരിക്കാനുള്ള കൃപ തരണമേയെന്നു പ്രാർത്ഥിക്കാൻ കഴിയണം. എന്തെന്നാൽ അവിടുന്ന് നമുക്ക് വഹിക്കാൻ കഴിയുന്ന ഭാരങ്ങൾ മാത്രമേ നൽകു കയുള്ളൂ എന്ന കാര്യം മറക്കരുത്.



പലപ്പോഴും ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുന്നില്ല, മറുപടി ലഭിക്കുന്നില്ല, ദൈവത്തിനു ചെവിയില്ലേ? എനിക്കു മാത്രമെന്താ ഇങ്ങനെയൊക്കെ സംഭവിക്കുന്നത്?

ജീവിതത്തിൽ ഒരു ഉയർച്ചയുമില്ലല്ലോ! എന്നിങ്ങനെയൊക്കെയുള്ള ചോദ്യങ്ങൾ മനസ്സിൽ നിന്നുയർന്നേക്കാം. പ്രാർത്ഥനയ്ക്ക് ഉത്തരം വൈകുന്നുവെങ്കിൽ മനസിലാക്കുക, നിനക്ക് ചിന്തിക്കാൻ കഴിയുന്നതിനുമപ്പുറമൊരു ദൈവപ്രവൃത്തി വെളിപ്പെടാൻ പോകുന്നു. നിന്നെ അതിനായി ഒരുക്കുകയാണ്. എന്തെന്നാൽ കഷ്ടപ്പെടുന്നവർക്ക് മാത്രമേ വിജയത്തിന്റെ രുചി ആസ്വദിക്കാൻ കഴിയൂ.

ജീവിതത്തിലെ പ്രയാസങ്ങളുടെമദ്ധ്യേ നാം യേശുവിനെയാണ് മാതൃകയാക്കേണ്ടത്. നമ്മോടുള്ള സ്നേഹത്തിന്റെ മഹത്തായ പ്രകടനമായിരുന്നു, അവിടുന്ന് പീഡകൾ സഹിച്ചു കുരിശിൽ മരിച്ചത്. ഒറ്റിക്കൊടുത്തവരോടും തള്ളിപ്പറഞ്ഞവരോടും ചമ്മട്ടിയാൽ പ്രഹരിച്ചവരോടും മരണത്തിനു ഏല്പിച്ചു കൊടുത്തവരോടും അപമാനിച്ചവരോടുമെല്ലാം അവിടുന്ന് ക്ഷമിച്ചു. ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. നല്ലകള്ളനെപ്പോലും ആശ്വസിപ്പിക്കുന്നു. വേദനയാൽ പിടയുന്ന സമയത്തും സ്നേഹത്തിന്റെയും ക്ഷമയുടെയും മഹനീയമാതൃകയാണ് അവിടുന്ന് കാണിച്ചു നൽകിയത്. ക്രൂശിലെ പീഡയോളം വരുമോ നമ്മുടെ വേദന!

യേശുവിനുണ്ടായ അനുഭവങ്ങൾ നമ്മുടെ ജീവിതത്തിലും ഉണ്ടായിട്ടുണ്ടാകും. സ്നേഹവും പരിഗണനയും നൽകേണ്ടവർ അത് നിഷേധിച്ച് നമ്മെ വേദനിപ്പിക്കുമ്പോൾ.... സത്യം സ്വന്തം ഭാഗത്തുണ്ടായിട്ടും നീതി ലഭിക്കാത്തവർ.... യേശുവിനെപ്പോലെ സമൂഹത്തിൽ വസ്ത്രമഴിക്കപ്പെട്ട് അപമാനിക്കപ്പെടുന്നവർ.... അന്യായമായി ഭാരം ചുമക്കുന്നവരും.... ക്രൂശിക്കപ്പെടുന്നവരും.... അങ്ങനെ എത്രയോ മനുഷ്യർ....! പ്രിയപ്പെട്ടവരേ കർത്താവ് നിനക്ക് ഒരവസരം നൽകുകയാണ്, സഹനങ്ങളെ സ്വീകരിക്കാൻ. എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവർ തന്റെ കുരിശുമെടുത്തു എന്റെ പിന്നാലെ വരട്ടെയെന്നാണ് അവിടുന്ന് അരുളിചെയ്തത് (മർ.8:34). പ്രിയപ്പെട്ടവരേ, മനുഷ്യനായി ജനിച്ചെങ്കിൽ വിശിഷ്യാ നീയൊരു ക്രിസ്ത്യാനിയാണെങ്കിൽ കർത്താവിനു നിന്നെക്കൊണ്ട് ആവശ്യമുണ്ട്. അവിടുന്ന് നിന്നെയൊരു വൻ കാര്യം ഏല്പിക്കുവാൻ പോകുന്നു. അതിനായി നിന്നെ ഒരുക്കിയെടുക്കുകയാണ്. മാർപാപ്പായ്ക്കും മെത്രാൻമാർക്കും വൈദികർക്കും ഭരണചക്രം തിരിക്കുന്നവർക്കും വിവാഹജീവിതം നയിക്കുന്നവർക്കും മുതൽ കൊച്ചു കുട്ടികൾക്കുവരെ അവർ ജീവിക്കുന്ന മേഖലകളിൽ ഏറെ പ്രതിബന്ധങ്ങളുണ്ട്. ജീവിതത്തിന്റെ ഏത് മേഖലകളിൽ ആയിരുന്നാലും, എന്റെ ഹിതമല്ല അങ്ങയുടെ ഹിതം നിറവേറണമേയെന്ന് മനസുതുറന്നു പ്രാർത്ഥിക്കാൻ കഴിയണം(ലൂക്കാ.22:42). അബ്രഹാമിനെപ്പോലെ പരീക്ഷിക്കപ്പെടുമ്പോഴും, ജോബിനെപ്പോലെ പീഡിപ്പിക്കപ്പെടുമ്പോഴും, മോശയെപ്പോലെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടി വരുമ്പോഴും, പ്രതികൂലങ്ങളും പ്രലോഭനങ്ങളും നേരിടേണ്ടിവരുമ്പോഴും ഒരിക്കലും തളർന്നു പോകരുത്. നമ്മുടെ വേദനകളും കഷ്ടപ്പാടുകളും കാൽവരിയിലെ കുരിശിലെ ബലിയോടൊപ്പം ചേർത്ത് യാഗമായ് ദൈവത്തിനർപ്പിക്കണം. നമ്മുടെ ബലഹീനതകളും കുറവുകളും അറിയുന്ന ദൈവം എല്ലാ പ്രതികൂലാവസ്ഥകളും നമ്മുടെ നന്മയ്ക്കായി പരിണമിപ്പിക്കും. കാരണം അവിടുന്ന് നിന്നെ നിന്ദിച്ചവരുടെ മുന്നിൽ മാനിക്കുന്ന കർത്താവാണ്. ദുഃഖവെള്ളി കഴിഞ്ഞ് ഒരു ഉയിർപ്പ് ഞായർ വരുന്നുണ്ടെന്ന സത്യം എന്തേ

മനസിലാക്കുന്നില്ല.

അല്ലയോ ക്രിസ്ത്യാനി, നീ ഒന്നു കുമ്പസാരിച്ചാൽ ഭക്തിപൂർവ്വം ബലിയർപ്പിച്ചാൽ അല്ലെങ്കിൽ ഒരു ധ്യാനത്തിനോ കൺവെൻഷനോ പങ്കെടുത്താൽ നിന്റെ ഇനിയുള്ള ജീവിതം പട്ടുമെത്ത വിരിച്ചതാകുമെന്ന് കരുതുന്നുണ്ടോ? ഒരിക്കലുമില്ല! ഇതുവഴി നീ കർത്താവിനോട് അടുക്കുമ്പോൾ അവിടുന്ന് നിനക്ക് കുരിശുകളാണ് പകരം നൽകുക. 'ജീവനിലേക്കു നയിക്കുന്ന വാതിൽ ഇടുങ്ങിയതും വഴി വീതി കുറഞ്ഞതുമാണ്'(മത്താ.7:14). തന്മൂലം കുരിശില്ലാതെ കിരീടമില്ലെന്ന് നാം മനസിലാക്കണം. ജീവിതത്തിലെ സഹനങ്ങളെ മാത്രം ദൈവത്തിനു കാഴ്ചവച്ചതിനാലാണ് അൽഫോൻസായെ ദൈവം വിശുദ്ധ ഗണത്തിലേക്ക് തിരഞ്ഞെടുത്തത്. അൽഫോൻസായെപ്പോലെ, നമ്മെക്കാൾ വേദനയനുഭവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും നാം തയാറാകണം.

ജീവിതത്തിലെ വേദനകളോടൊപ്പം നമുക്കും പ്രാർത്ഥിക്കാം, കർത്താവേ എന്റെ കുരിശിനും ഭാരമുണ്ട്. പലപ്പോഴും കുരിശിനൊപ്പം ഞാനും നിലത്തുവീണു പോകുന്നു. എന്നെ സഹായിക്കുവാനോ ഒരാശ്വാസവാക്കു പറയുവാനോ ആരെയും കാണുന്നില്ല. അതിനാൽ അങ്ങു തരുന്ന സഹനങ്ങളെ സന്തോഷത്തോടെ സ്വീകരിക്കാനുള്ള കൃപതരണമേ. ആമേൻ.



ചെങ്ങളം കോൺവെന്റ് അഭിവന്ദ്യ പിതാവ്
തിരുഹൃദയത്തിന് പുനഃപ്രതിഷ്ഠിച്ച് വെഞ്ചരിപ്പു കർമ്മം നടത്തുന്നു



മുക്കൂട്ടുതറ അസിസ്സീ കോൺവെന്റ് അഭിവന്ദ്യ പിതാവ്
തിരുഹൃദയത്തിന് പുനഃപ്രതിഷ്ഠിച്ച് വെഞ്ചരിപ്പു കർമ്മം നടത്തുന്നു

# ഇടവക വാർത്തകൾ

## തിരുബാലസഖ്യ ദിനാഘോഷങ്ങൾ

### മൗണ്ട് കാർമൽ ദൈവാലയം, മൂന്നാർ



മൂന്നാർ മൗണ്ട് കാർമ്മൽ ദൈവാലയത്തിൽ തിരുബാല സഖ്യ ദിനം സാഘോഷം കൊണ്ടാടി. അന്നേദിവസത്തെ ദിവ്യബലിക്ക് തിരുബാല സഖ്യഅംഗങ്ങൾ നേതൃത്വംനൽകി. ദിവ്യബലിമദ്ധ്യേ ബഹു.വികാരി .റവ. ഫാ. വിൻസന്റ് പാറമേൽ തിരുബാലസഖ്യ ദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുകയും പ്രത്യേകം പ്രാർത്ഥന നടത്തുകയുംചെയ്തു. ദിവ്യബലിക്കുശേഷം തിരുബാലസഖ്യ അംഗങ്ങൾക്കുവേണ്ടി വിവിധ മത്സരങ്ങൾ നടത്തി സമ്മാനങ്ങൾ വിതരണം ചെയ്യുകയുംചെയ്തു.



### ഔർ ലേഡീസ് ചർച്ച് ചിന്നക്കനാൽ

ദിവ്യബലിക്കു മുൻപായി ബഹുമാനപ്പെട്ട അജിയച്ചൻ പതാക ഉയർത്തി വിശുദ്ധ കുർബാന അർപ്പിച്ചതിനുശേഷം ചിത്രരചനാ മത്സരം നടത്തി; കുട്ടികൾ കഥയുമെഴുതുകയുണ്ടായി.



## മുണ്ടക്കയം സെന്റ് മേരീസ് ചർച്ച്



മുണ്ടക്കയം സെന്റ് മേരീസ് സൺഡേ സ്കൂളിന്റെ ആഭിമുഖ്യത്തിൽ തിരുബാല സഖ്യദിനാഘോഷം നടത്തി. കിഡ്സ് അഞ്ചാം ക്ലാസുവരെയുള്ള കുട്ടികൾ ഇതിൽ സജീവമായി പങ്കെടുത്തു. വികാരി മോൺ. ഹെൻട്രി കൊച്ചുപറമ്പിൽ, ഹെഡ്മാസ്റ്റർ റോബിൻ സ്രാമ്പിക്കൽ, മതാദ്ധ്യാപകർ എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി

## കോട്ടയം നല്ലയിടയൻ ഇടവക

തെരേസ്യൻ കർമലീത്താ സന്യാസിനീ സഭ സഹോദര സംഘത്തിലേക്കു കോട്ടയം നല്ലയിടയൻ ഇടവകയിൽ നിന്നും 19 വീട്ടമ്മമാർ അംഗങ്ങളായി കടന്നുവന്നു. സഭയുടെ പ്രേഷിതപ്രവർത്തനങ്ങൾക്ക് സഹായികളായി അവർ നൊവിഷ്യേറ്റ് രൂപീകരണത്തിൽ പങ്കാളികളായി. റവ.ഫാ. അഗസ്റ്റിൻ പൂപ്പാടി ഒ.സി.ഡി. കാർമികത്വം വഹിച്ച വിശുദ്ധ കുർബാനയോടുകൂടിയാണ് പരിപാടികൾ ആരംഭിച്ചത്. തുടർന്ന് കെ.എൽ.എം. സംസ്ഥാന വനിതാ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി ഹാർമിസ് ബിജിയെ സി.റ്റി.സി. ജനറൽ കൗൺസിലർ സി. അർച്ചന പൊന്നാടയണിയിച്ചു ആദരിച്ചു.



പാലാ ഇടവകയുടെ വൈദിക വസതി അഭിവന്ദ്യ പിതാവ് തിരുഹൃദയത്തിന് പുനഃപ്രതിഷ്ഠിച്ച് വെഞ്ചരിപ്പു കർമ്മം നടത്തുന്നു

# സെന്റ് ബോണിഫസ് ചർച്ച്, പട്ടിത്താനം



*പട്ടിത്താനം ഇടവകയിൽ തിരുബാലസഖ്യദിനത്തിൽ ലീഡേഴ്സ് നിഖിൽ സന്തോഷ് കാവുങ്കൽ, കാതറിൻ, ഷിജി ബാന്തയിൽ എന്നിവർ ചേർന്നു പതാക ഉയർത്തുന്നു. വികാരി ഫാ. സ്റ്റീഫൻ പുത്തൻപറമ്പിൽ സമീപം*

പട്ടിത്താനം സെന്റ് ബോനിഫസ് ഇടവകയിൽ തിരുബാലസഖ്യദിനം സമുചിതമായി ആചരിച്ചു. ദിവ്യബലിക്ക് 108 ബാലികാബാലന്മാർ നേതൃത്വം വഹിച്ചു. തുടർന്ന് മാസ്റ്റർ നിർമ്മൽ സന്തോഷിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ഫൊറോന വികാരി ഫാ. സ്റ്റീഫൻ പുത്തൻപറമ്പിൽ ഉദ്ഘാടനം ചെയ്തു. സെക്രട്ടറി കാതറിൻ ഷിജി റിപ്പോർട്ട് അവതരണവും, പി.റ്റി.എ. കൺവീനർ ശ്രീ. ലാലു സെബാസ്റ്റ്യൻ വെള്ളാരംകാലായിൽ ആശംസയും അർപ്പിച്ചു. രൂപതയിൽ നിന്നും ലഭിച്ച നിർദ്ദേശം അനുസരിച്ച് കുട്ടികളുടെ മത്സരങ്ങളും നടത്തി. വിജയികൾക്ക് സമ്മാനദാനവും നല്കി. റവ.ഫാ. സിൽവെസ്റ്റർ മാധവശ്ശേരി, എച്ച്.എം. ശ്രീമതി ആനി അലോഷ്യസ് പൊള്ളയിൽ, ആനിമെറ്റേഴ്സ് ശ്രീമതി ഫിലോമിന പി.വൈ. ശ്രീമതി വിനു ബിജോഷ്, ദിവ്യ ജ്യോതിഷ്, ഷീനാ ജോൺ, സോളി സിജി എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി. അഞ്ജലി അനിലും, അനീറ്റാ റോയിയും പ്രോഗ്രാം അവതാരകർ ആയിരുന്നു.

---

**മരണാനന്തര ശുശ്രൂഷകൾ (Officium Defunctorum) പരിഷ്ക്കരിച്ച നാലാം പതിപ്പ് അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്യുന്നു**



# കുമരകം സെന്റ് പീറ്റേഴ്സ് ചർച്ച്



കുമരകം സെന്റ് പീറ്റേഴ്സ് മതബോധന യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ തിരുബാല സഖ്യദിനം ആഘോഷിച്ചു. ദിവ്യബലിക്കു മുൻപായി ബഹു. മാത്യു സുഭാഷ് വ്യാക്കഴ പതാക ഉയർത്തി. ദിവ്യബലിയ്ക്ക് തിരുബാല സഖ്യം കുട്ടികളാണ് നേതൃത്വം നൽകിയത്. ദിവ്യബലിക്കു ശേഷം ഉണ്ണീശോയുടെ തിരുസ്വരൂപം വഹിച്ചുകൊണ്ട് ദൈവാലയത്തിനുചുറ്റും കുട്ടികൾ പ്രദക്ഷിണം നടത്തി. ഉണ്ണീശോയുടെ ചിത്രം ബഹു വികാരിയച്ചൻ എല്ലാ കുട്ടികൾക്കും കൊടുത്തു. അതിനുശേഷം ഭക്തിഗാനം, ചിത്രരചന, ചെറുകഥ എഴുത്ത്, ഉണ്ണികവിത, ഉണ്ണീശോയ്ക്ക് ഒരു കത്ത് തുടങ്ങിയ മത്സരങ്ങൾ നടത്തി. വിജയികളായ കുട്ടികൾക്ക് സമ്മാനങ്ങളും നൽകി.

# സെന്റ് മേരീസ് ചർച്ച് കുറുമുള്ളൂർ




10-2-19 ന് തിരുസഖ്യദിനമായി ആചരിച്ചു. ഈ ദിനത്തോടനുബന്ധിച്ചുള്ള പതാക ഉയർത്തൽ കർമ്മം ദിവ്യബലിക്ക് മുൻപായി റവ.ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലി നിർവ്വഹിച്ചു. തുടർന്ന് തിരുബാലസഖ്യദിന പ്രാധാന്യം

വ്യക്തമാക്കുന്ന ആമുഖം ശ്രീമതി സിസിലി സേവ്യർ വായിച്ചു. കത്തിച്ച തിരികളുമായി കുട്ടികളും അദ്ധ്യാപകരും വികാരിയച്ചനോടൊപ്പം ദിവ്യബലിക്കായ് ദൈവാലയത്തിലേക്ക് പ്രവേശിച്ചു. വി. കുർബാനയ്ക്ക് നേതൃത്വം നൽകിയത് തിരുബാലസഖ്യ കുട്ടികളാണ്. ദിവ്യബലിക്ക് ശേഷം തിരുബാലസഖ്യ റാലി നടത്തി. റാലിയിൽ ബാനർ ഏന്തിയ കുട്ടികൾ ഏറ്റവും മുന്നിലായും, അതിനുപിന്നിലായി കൊടികൾ കൈകളിലേന്തിയ കുട്ടികളും, അദ്ധ്യാപകരും അണിനിരന്നു. തുടർന്ന് തിരുബാലസഖ്യ ദിനത്തിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് വികാരിയച്ചൻ റാലി ഫ്ളാഗ് ഓഫ് ചെയ്തു. ബ്രദർ ക്ലിന്റ് ചൊല്ലിക്കൊടുത്ത മുദ്രാവാക്യങ്ങൾ ഏറ്റുചൊല്ലിക്കൊണ്ട് കുട്ടികൾ ദൈവാലയം ചുറ്റി റാലി നടത്തി. റാലിയിൽ കുട്ടികളും അദ്ധ്യാപകരും വളരെ സജീവമായി പങ്കെടുത്തു. ഉണ്ണിയേശുവിനെ കൂടുതൽ ആഴത്തിൽ മനസിലാക്കുവാൻ കുട്ടികൾക്ക് ഈ റാലി ഏറെ പ്രയോജനപ്രദമായി. റാലിയ്ക്കു ശേഷം മീറ്റിങ്ങ് നടത്തി. സൺഡേ സ്കൂൾ എച്ച്.എം. ശ്രീമതി റോസമ്മ ജോണി സ്വാഗതം അർപ്പിച്ചു. തുടർന്ന് കുട്ടികൾക്ക് മധുരം വിതരണം ചെയ്തതോടെ തിരുബാല സഖ്യദിനം സമംഗളം പര്യവസാനിക്കുകയും ചെയ്തു.

## അഭിനന്ദനങ്ങൾ



തിരുവനന്തപുരം ചന്ദ്രശേഖർ സ്റ്റേഡിയത്തിൽ നടന്ന സംസ്ഥാന യൂത്ത് മീറ്റിൽ 110 hurdleൽ 4 -ാം സ്ഥാനം നേടിയ **ഡീൻ ഹാർമിസ് ബിജു.** നല്ലിടയൻ ഇടവകാംഗം ബിജിയുടെയും ഇടവക ആനിമേറ്റർ ഹാർമിസ് ബിജിയുടെയും മകനാണ്. കാസർഗോഡ് ഗവ. ഹയർ സെക്കന്ററി സ്കൂളിൽ പ്ലസ്വൺ വിദ്യാർത്ഥിയും സെൻട്രലൈസ്ഡ് സ്പോർട്ട്സ് ഹോസ്റ്റലിലെ അന്തേവാസിയുമായ ഡീനിന് ഹാർദ്ദമായ അനുമോദനങ്ങൾ.

കെ.എൽ.എം. സംസ്ഥാന വനിതാ
ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട
**ഹാർമിസ് ബിജി തെക്കെനകം.**
(കോട്ടയം നല്ലയിടയൻ ഇടവകാംഗമാണ്.)
ഹാർദ്ദമായ അനുമോദനങ്ങൾ.



# സംഘടനാ വാർത്തകൾ

## വനിതാ സെമിനാർ :
## സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ്ഡീ പോൾ





സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡീ പോൾ വിജയപുരം സെൻട്രൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഒരു വനിതാ സെമിനാർ 2019 ഫെബ്രുവരി 17-ാം തീയതി ഞായറാഴ്ച വിമലഗിരി പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തുകയുണ്ടായി. വിജയപുരം രൂപതയുടെ ചാൻസലറും വിജയ പുരം സെൻട്രൽ കൗൺസിലിന്റെ ആത്മീയ ഉപദേഷ്ടാവുമായ റവ.ഫാ. മോൺ. ജോസ് നവസ് ദിവ്യബലിക്ക് നേതൃത്വം നൽകുകയും സെമിനാർ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

വിജയപുരം സെൻട്രൽ കൗൺസിലിന്റെ പ്രസിഡന്റ് ബ്രദർ മൈക്കിൾ ഡിക്രൂസ് വൈസ് പ്രസിഡന്റ് ബ്ര. വി.എം. രാജേഷ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. സെൻട്രൽ കൗൺസിലിന്റെ വനിതാ പ്രതിനിധി സിസ്റ്റർ ലൈലാമ്മ ജോൺ സ്വാഗതവും, മുണ്ടക്കയം ഏരിയാ കൗൺസിലിന്റെ സെക്രട്ടറി സി. റാണിലൂയിസ് നന്ദിയും പറഞ്ഞു. വിജയപുരം രൂപതയിലെ വിൻസെൻഷ്യൻ പ്രവർത്തകരായ 130 വനിതകളാണ് സെമിനാറിൽ പങ്കെ ടുത്തത്. സ്നേഹവിരുന്നിനുശേഷം രണ്ട് മണിയോടുകൂടി പരിപാടികൾ സമാപിച്ചു.

# ലീജിയൻ ഓഫ് മേരി, പട്ടിത്താനം കൂരിയ

പട്ടിത്താനം കൂരിയായുടെ 91-ാം മാസയോഗം 16-02-2019 ശനിയാഴ്ച 11 മണിക്ക് പട്ടിത്താനം സെന്റ് ബോണിഫേസ് ഇടവകയിൽവെച്ച് നടന്നു. കുരിയാ പ്രസിഡന്റ് ശ്രീമതി മറിയാമ്മ ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ കൂരിയാ സെക്രട്ടറി ശ്രീമതി മറിയക്കുട്ടി ജോസഫ് ഏവർക്കും സ്വാഗതം പറഞ്ഞു, തുടർന്ന് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. കൂരിയാ ഡയറക്ടർ ബഹു. ജോർജ് ലോബോ അച്ചൻ തെരഞ്ഞെടുപ്പിന് നേതൃത്വം നൽകി. പുതിയ ഭാരവാഹികൾ : പ്രസിഡന്റ്, ശ്രീമതി റീനാ പീറ്റർ പെരുവ ഇടവക. വൈസ് പ്രസിഡന്റ്, ശ്രീമതി കത്രീനാ ആന്റണി പട്ടിത്താനം ഇടവക. സെക്രട്ടറി, ശ്രീമതി സിസിലി ജോസ് കാട്ടാമ്പാക്ക് ഇടവക. ഖജാൻജി, ശ്രീമതി വത്സമ്മ തോമസ് മധുരവേലി ഇടവക. പുതിയ ഭാരവാഹികൾക്ക് വിജയപുരം രൂപതാ ഡയറക്ടർ ബഹു. ജോർജ് ജോൺ മേരിമംഗലം അച്ചൻ ആശംസകൾ നേരുകയും കഴിഞ്ഞ 3വർഷക്കാലം കൂരിയായെ നയിച്ച ഭാരവാഹികൾക്ക് രൂപതാ സമിതിയുടെ നന്ദിയർപ്പിക്കുകയും ചെയ്തു.ബഹു.സിൽവസ്റ്റർ മാധവശ്ശേരി അച്ചനും ബഹു. സിസ്റ്റർ ലൂർദ്ദ് മേരിയും പുതിയ ഭാരവാഹികൾക്ക് ആശംസകൾ അർപ്പിച്ചു. യോഗത്തിന് പുതിയ പ്രസിഡന്റ് ശ്രീമതി റീനാ പീറ്റർ നന്ദിയർപ്പിച്ചു. സമാപന പ്രാർത്ഥനയോടും രൂപതാ ഡയറക്ടർ ജോർജ് ജോൺ മേരിമംഗലം അച്ചന്റെ ആശീർവാദത്തോടെയും യോഗം അവസാനിച്ചു.



കുമളി വൈദിക വസതിയുടെ വെഞ്ചെരിപ്പും തിരുഹൃദയ പുനഃപ്രതിഷ്ഠാകർമ്മവും



ആണ്ടൂർ ഇടവകയുടെ നവീകരിച്ച സെമിത്തേരി അഭിവന്ദ്യ പിതാവ് ആശീർവ്വദിക്കുന്നു

# വി.എസ്.എസ്.എസ്. വാർത്തകൾ

## ഓപ്പൺ ഹൗസ്

കോട്ടയം ചൈൽഡ് ലൈനിന്റെ ആഭിമുഖ്യത്തിൽ അരീപ്പറമ്പ് പരപ്പള്ളിക്കുന്ന് കോളനിയിൽ ഓപ്പൺ ഹൗസ് (തുറന്ന ചർച്ച) നടന്നു. കുട്ടികൾക്കിടയിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം, കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടെ എണ്ണത്തിലുള്ള വർദ്ധനവ് എന്നിവയുടെ പശ്ചാത്തലത്തിൽ ബോധവത്ക്കരണം ലക്ഷ്യമിച്ച് സംഘടിപ്പിക്കപ്പെട്ട തുറന്ന ചർച്ചയിൽ എക്സൈസ് പ്രിവന്റീവ് ഓഫീസർ മധുകുമാർ, വിനോദ് (എസ്.ഐ. മണർകാട്) എന്നിവർ ക്ലാസുകൾ നയിച്ചു. കൗൺസിലർ ബിന്ദുവർഗ്ഗീസ് ചൈൽഡ് ലൈൻ പ്രവർത്തനങ്ങൾ വിശദീകരിച്ചു. പ്രദേശത്തെ 65 കുട്ടികൾ തങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപെടുത്തി. ചൈൽഡ്ലൈൻ ആനിമേറ്റർ ജാൻസി രാജു ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.)

## എ.സി.എസ്.ഐ. വിദ്യാർത്ഥി സംഗമം



ഫ്രാൻസ് കേന്ദ്രമാക്കി ജീവകാരുണ്യപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എ.സി.എസ്.ഐ. പ്രസ്ഥാനത്തിന്റെ പ്രസിഡന്റ് മാർക്ക് മോസിയും, ഭാര്യ ബിയാട്രീസും, പാമ്പനാർ മേഖലയിൽ വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി എ.സി.എസ്.ഐ. യുടെ വിദ്യാഭ്യാസ പരിപോഷണം പദ്ധതിപ്രകാരം പഠനത്തിനു സഹായിക്കുന്ന കുട്ടികളെ നേരിൽ കാണുകയും വിശേഷങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. കുട്ടിക്കാനം തേജസ് ആനിമേറ്റർ സെന്ററിൽ നടന്ന വിദ്യാർത്ഥി സംഗമത്തിൽ 24 പേർ പങ്കെടുത്തു. കോർഡിനേറ്റർ റവ.സി.സൂസൻ മേഖലാ കോ-ഓർഡിനേറ്റർ സാബു വി. ജോസഫ് എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

# കാൻസർ ദിനാചരണം




വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കാൻസർ സാന്ത്വന പദ്ധതിയായ ആശാകിരണത്തിന്റെ ആഭിമുഖ്യത്തിൽ ലോക കാൻസർ ദിനാചരണത്തോടനുബന്ധിച്ച് കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ സംഘടിപ്പിച്ച ബോധവത്ക്കരണ പരിപാടി സൊസൈറ്റി ഡയറക്ടർ ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ ഉദ്ഘാടനം ചെയ്തു. ആശാകിരണം സന്നദ്ധപ്രവർത്തകർ രക്തദാനം നടത്തി. പ്രമീല ജോർജ്ജ്, ഹാർമിസ് ബിജി, ജോസഫ് കെ.ജെ. എന്നിവർ സംസാരിച്ചു.



**വീ ഷെയർ പദ്ധതി : വരുമാന വർദ്ധക സംരംഭം കാഞ്ഞിരപ്പാറ**



കാൻസർ ദിനാചരണം തിരുവല്ല മേഖല



**വീ ഷെയർ പദ്ധതി :**
**വരുമാന വർദ്ധക സംരംഭം**
**കാഞ്ഞിരപ്പാറ**

## ആശാകിരണം

ആശാകിരണം കാൻസർ സാന്ത്വന പദ്ധതിയിലേക്ക് വിവിധ ഇടവക വികസന സമിതികൾ ശേഖരിച്ചു.

**നൽകിയ തുക**

വനവാതൂക്കര 3875.00, ആണ്ടൂർ 750.00, വെട്ടിമുകൾ 1750.00, പട്ടിത്താനം 1500.00, മഠത്തുംഭാഗം 900.00, മധുരവേലി 620.00, പെരുവ 2480.00, കാഞ്ഞിരപ്പാറ 3010.00, പൊടിമറ്റം 3000.00, ചങ്ങനാശ്ശേരി 16200.00

**ചികിത്സാ സഹായം**

പാല 4000.00, പൊതി 5000.00



# അഭിവന്ദ്യ പിതാവിന്റെ
## മാർച്ച് മാസ പരിപാടികൾ

| | | | | |
|---|---|---|---|---|
| 01 | വെള്ളി | | - | PPD |
| 02 | ശനി | 6.30 am | - | ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| | | 5.30 pm | - | സെമിത്തേരി ആശീർവാദം ,സെന്റ് ആന്റണീസ് ചർച്ച്, തലയാർ |
| 03 | ഞായർ | 3.00 pm | - | ദിവ്യബലി, സെന്റ് മേരീസ് ചർച്ച്, മറയൂർ |
| 04 | തിങ്കൾ | 11.00 am | - | പൗരോഹിത്യ സ്വീകരണ രജത ജൂബിലി, മൗണ്ട് കാർമ്മൽ ചർച്ച്, മൂന്നാർ |
| 06 | ബുധൻ | 6.30 am | - | ദിവ്യബലി, വിഭൂതിബുധൻ, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 08 | വെള്ളി | | - | PPD |
| 11-15 | ശനി | | - | മീഡിയാ കമ്മീഷന്റെ നാഷണൽ കോൺഫ്രൻസ്, വാരണാസി |
| 22 | വെള്ളി | | - | PPD |
| 25 | തിങ്കൾ | 6.30 am | - | ദിവ്യബലി, ഭാഗ്യസ്മരണാർഹനായ ബൊനവന്തുര അരാന പിതാവിന്റെ 61-ാം ചരമവാർഷികം, ഗുഡ്ഷെപ്പേർഡ് ചർച്ച്, കോട്ടയം |
| 29 | വെള്ളി | | - | PPD |



പത്താം പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ കത്തിച്ച മെഴുകുതിരികൾ കൈയിലേന്തി സത്യപ്രതിജ്ഞ ചെയ്യുന്നു.


SOUTH INDIAN Bank
Experience Next Generation Banking
SIB YOUTH PLUS Savings Account
"There is no better time to experiment
with the good things that come to your life...."
Experience the Next Generation Savings
Account for YOUTHS


Need a vehicle?
Vehicle loans
from CSB
We realize that India's growing population and economy requires better means of transport. Be it Companies, Firms, Educational Institutions, Hospitals or Individuals, we help finance your purchase. Our loans are hassle free and the interest rates competitive. We help when you need it the most.
Loans available for individuals and organizations
Loans available for purchase of new and used vehicles
Special scheme for HNI's
Equated Monthly Installments (EMI)
Call: 1800 266 9090
www.csb.co.in
CSB... Support all the way
Catholic Syrian Bank
CSB

MARCH 2019
Vol. 12 • Issue 3
*Published on*
1st March 2019

**vijayapuradhuthu**
(MONTHLY)
Annual Subscription ₹ 60.00

Registered No. **KL/KTM/117/2017-19**
LIC. No. **KL/CR/KTM/WPP-09/2017-19**
**Licensed to Post without prepayment**
RNI Registration No. **KERMAL/2008/24745**

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA

## മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം



# ECOBURN™

**MOST ECONOMICAL ECO–FRIENDLY SOLID WASTE BURNER**

വൈദ്യുതി, ഗ്യാസ്, ഓയിൽ തുടങ്ങിയ യാതൊരുവിധ ഇന്ധന സഹായവുമില്ലാതെ തികച്ചും പരിസ്ഥിതി സൗഹൃദപരമായി ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള നൂതന സാങ്കേതിക വിദ്യ. മലിനീകരണ നിയന്ത്ര സംവിധാനത്തോടെ, ഫ്ളാറ്റുകൾ, ആശുപത്രികൾ ഹോസ്റ്റലുകൾ, ഓഡിറ്റോറിയങ്ങൾ, ഹോട്ടലുകൾ ഷോപ്പിംഗ് കോംപ്ലക്സ്, പൊതുമാർക്കറ്റുകൾ, വീടുകൾ എന്നിവയിൽ നിന്നുള്ള ഖരമാലിന്യ പ്രശ്നങ്ങൾക്ക് ചിലവു കുറഞ്ഞ രീതിയിൽ ശാശ്വത പരിഹാരം.

- ലളിതമായ പ്രവർത്തനരീതി
- പരിപാലന ചിലവ് ഇല്ല
- ആവശ്യാനുസരണമുള്ള ഡിസൈൻ
- വളരെ കുറഞ്ഞ സ്ഥാപിത ചിലവ്

**ecoway**
TECHNOLOGIES PVT. LTD.

**Perumbaikadu P.O., Neelimangalam**
**Kottayam - 686028**
**Ph: 0481-2397752/9400316501**

ENVIRONMENTAL CONSULTANTS & MANUFACTURES OF:
WATER & WASTE WATER TREATMENT PLANTS • SOLID WASTE DISPOSAL SYSTEMS • AIR POLLUTION CONTROL STSTEMS

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180